# ദി ഡിഫെൻഡർ

Vol. No. 9 Issue No. 22 RNI Reg. No. 68089 / 97 Published From Perumbavoor 2006 NOVEMBER 16 Price: Rs.100/- P.A.


# എൻ.എം.രാജുവിനെ കുരുക്കാൻ കെ.സി.ജോൺ പദ്ധതിയൊരുക്കി

ജാലകത്തിന്റെ പബ്ലീഷറും ക്രൈസ്തവ പ്രസാധകനുമായ എൻ.എം.രാജുവിനെ കള്ള ക്കേസ്സിൽ കുടുക്കാൻ ഏതാനും വർഷം മുൻപ് കെ.സി.ജോണും കൂട്ടരും നടത്തിയ ശ്രമം വെളിച്ചത്തായിരിക്കുന്നു. എൻ.എം.രാജുവിനെ മയക്കുമരുന്ന് കേസ്സിൽ കുടുക്കാനായിരുന്നു ശ്രമം.

കെ.സി.ജോൺ, മോഷണായി എന്ന പേരിൽ അറിയപ്പെടുന്ന മോനായി എന്നിവരാണ് പദ്ധതിക്ക് നേതൃത്വം കൊടുത്തത്. ഐ.പി.സിയിലെ ചില പാസ്റ്റർമാരും വിശ്വാസികളും സഹായം വാഗ്ദാനം ചെയ്തു.

എൻ.എം.രാജുവിന്റെ ഉടമസ്ഥതയിൽ തിരുവല്ല എസ്.സി.എസ് കവലയിൽ പ്രവർത്തിക്കുന്ന റീഡേഴ്സ് ബുക്ക് സ്റ്റാളിൽ ഗഞ്ചാവ് ഒളിപ്പിച്ചു വെയ്ക്കാനായിരുന്നു പരിപാടി. പുസ്തകം വാങ്ങാനെന്ന വ്യാജേന എത്തുകയും പുസ്തകങ്ങൾ തിരയുന്ന തിനിടയിൽ ഗഞ്ചാവ് ഒളിപ്പിച്ചു വെയ്ക്കുകയും ചെയ്യാൻ ആർക്കും കഴിയും. റീഡേഴ്സ് ബുക്ക് സ്റ്റാളിൽ ഗഞ്ചാവ് വില്പന നടക്കുന്നു എന്ന് പോലീസിനോ



കെ.സി.ജോൺ



എൻ.എം.രാജു

എക്സൈസിനോ രഹസ്യ വിവരം നൽകി റെയ്ഡ് നടത്താനും സാധിക്കും.

ടി.എസ്.ബാലൻ എഴുതിയ സാത്താന്യ ശക്തികൾ, ഹൈന്ദവ സുവിശേഷീകരണം എന്നീ പുസ്തകങ്ങളുടെ കുറെ കോപ്പികൾ അടിച്ച് ഗഞ്ചാവിനോടൊപ്പം വെയ്ക്കാനും പരിപാടി ഇട്ടിരുന്നു. ഈ പുസ്തകങ്ങൾ നിരോധിക്കപ്പെട്ടവയാണെന്ന് ഒരു ധാരണയുണ്ട്. നിരോധിക്കപ്പെട്ട പുസ്തകങ്ങൾ എൻ.എം.രാജു അച്ചടിച്ച് വിതരണം നടത്തുന്നു എന്നു വരുത്തിത്തീർത്താൽ കേസ്സിന് കൂടുതൽ ബലം വരും. കൂടാതെ, ബാലനേയും ഒതുക്കാം.

(പുസ്തകങ്ങൾ നിരോധിക്കാനുള്ള അധികാരം സർക്കാരിനു മാത്രമേ ഉള്ളൂ. സർക്കാർ ഉത്തരവ് ഗസറ്റിൽ പരസ്യം ചെയ്തു വേണം പുസ്തകം നിരോധിക്കാൻ. റ്റി.എസ്.ബാലന്റെ ഒരു പുസ്തകവും സർക്കാർ നിരോധിച്ചിട്ടില്ല. ഈ പുസ്തകങ്ങൾക്കെതിരെ കേസ്സുണ്ടായപ്പോൾ പ്രസാധകരായ സത്യം പബ്ലിക്കേഷൻസ് പുസ്തകം പിൻവലിക്കയാണ് ചെയ്തത്).

പദ്ധതികളൊക്കെ തയ്യാറാക്കിയെങ്കിലും അത് നടപ്പിൽ വരുത്താനുള്ള ധൈര്യം കെ.സി.ജോണിനും കൂട്ടർക്കും ഉണ്ടായില്ല. മാത്രമല്ല, സഹായ വാഗ്ദാനവുമായെത്തിയവരുടെ ആവേശം ഏറെ താമസിയാതെ കെട്ടടങ്ങുകയും ചെയ്തു. പരിപാടി എങ്ങനെയെങ്കിലും പാളിപ്പോയാൽ വാദി പ്രതിയാകും എന്ന് ഏവർക്കും അറിയാമായിരുന്നു. എല്ലാറ്റിലും ഉപരിയായി എൻ.എം.രാജു രാഷ്ട്രീയ സ്വാധീനമുള്ള വ്യക്തി ആയതുകൊണ്ട് കേസ്സിന് ബലമുണ്ടാകുമോ എന്ന് സംശയവും ഉണ്ടായിരുന്നു. അതുകൊണ്ട് പലവട്ടം ഗൂഢാലോചന നടത്തിയശേഷം കെ.സി.ജോണും കൂട്ടരും പദ്ധതി ഉപേക്ഷിച്ചു.

കെ.സി.ജോണിനും മോഷണായിക്കും എൻ.എം.രാജുവിനോട് ഇത്ര വിരോധം തോന്നാൻ കാരണമെന്ത്? അത് അറിയാൻ ഏഴാം പേജ് നോക്കുക.

## രുദ്രാക്ഷാനന്ദൻ മടങ്ങിയെത്തി



ക്രിസ്ത്യൻ ട്രിബ്യൂണിന്റെ എഡിറ്ററും പവ്വർ വിഷന്റെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവുമായ മാത്യൂസ് കെ. ലൂക്കോസ് ഗൾഫ് പര്യടനം കഴിഞ്ഞ് മടങ്ങിയെത്തി. ഈ ചങ്ങാതി ഗംഗയിൽ മുങ്ങി കാവിയുടുത്ത് രുദ്രാക്ഷമിട്ട വാർത്ത ഡിഫെൻഡറിലൂടെ ഗൾഫിലുള്ള ദൈവമക്കൾ അറിഞ്ഞിരുന്നതുകൊണ്ട് പെന്തക്കോസ്ത് സഭകളിൽ കയറി വിലസാൻ കഴിഞ്ഞില്ല. ഡിഫെൻഡർ വായിക്കാത്ത ചിലരെ കബളിപ്പിച്ച് അല്പം പണം തട്ടാൻ കഴിഞ്ഞെങ്കിലും കാര്യമായി ഒന്നും കിട്ടിയില്ല. അടവ് പിഴച്ചു എന്ന് ബോധ്യമായതോടെ മാത്യൂസ് കേരളത്തിലേക്ക് മടങ്ങുകയായിരുന്നു.

# ഡിഫെൻഡർ പത്താം വയസ്സിലേക്ക്

പ്രതിസന്ധികളിൽ തളരാതെ ഡിഫെൻഡർ പത്താം വയസ്സിലേക്ക്. 1997 ഡിസംബർ ആദ്യ ആഴ്ചയിലാണ് ആദ്യലക്കം ഡിഫെൻഡർ പ്രസിദ്ധീകരിച്ചത്. ഒൻപതാം വർഷത്തെ അവസാന ലക്കമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

ഏതാനും മാസത്തിൽ അധികം നീണ്ടുനിൽക്കില്ല ഡിഫെൻഡർ എന്നായിരുന്നു മിക്കവരുടേയും കണക്കുകൂട്ടൽ. പക്ഷേ ഒരു ലക്കം പോലും മുടങ്ങാതെ ഡിഫെൻഡർ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

ഡിഫെൻഡർ കോടതി നിരോധിച്ചു എന്ന് ഒരിക്കൽ പ്രചരണമുണ്ടായി. റ്റി.എസ്.ബാലൻ ഇന്റർനെറ്റ് കേസ്സിൽ അകപ്പെട്ടതോടെ ഡിഫെൻഡർ പൂട്ടും എന്ന് സ്വപ്നം കണ്ടവർ നിരവധി. ബാലനെ കോടതി ശിക്ഷിച്ചു എന്ന് അറിഞ്ഞപ്പോൾ ഡിഫെൻഡറിന്റെ കഥ കഴിഞ്ഞു എന്ന് മിക്കവരും ഉറപ്പിക്കയും ചെയ്തു. പക്ഷേ നാളിതുവരെ ഒരുലക്കം പോലും മുടങ്ങിയില്ല. ഒരു ദിവസം പോലും താമസിച്ചുമില്ല.

മാസത്തിൽ ഒന്ന് എന്ന ക്രമത്തിലായിരുന്നു ആദ്യ കാലത്ത് ഡിഫെൻഡർ പ്രസിദ്ധീകരിച്ചിരുന്നത്. അക്കാലത്ത് കേവലം നാലു പേജ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ ഇന്റർനെറ്റ് കേസ്സ് ഒരു വഴിത്തിരിവായി. ഇപ്പോൾ ഡിഫെൻഡർ (മാസത്തിൽ 16 പേജ്) ഉള്ള ഒരു ദ്വൈവാരികയാണ്.

ഗുഡ്ന്യൂസ് ഉൾപ്പെടെയുള്ള പ്രധാന പെന്തക്കോസ്ത് പത്രങ്ങൾക്കൊന്നും സ്വന്തമായി പ്രസ്സില്ല. പക്ഷേ കഴിഞ്ഞ രണ്ടു വർഷത്തിൽ അധികമായി ഡിഫെൻഡർ അടിക്കുന്നത് സ്വന്തം പ്രസ്സിലാണ്.

ഡിഫെൻഡറിനെ തകർക്കാൻ ശ്രമിച്ച് പരാജയപ്പെട്ടവരുടെ നിര വളരെ നീണ്ടതാണ്. ആദ്യകാലത്ത് പ്രജാപതിക്കാരായിരുന്നു ഡിഫെൻഡറിന്റെ ശത്രുക്കൾ. പക്ഷേ പ്രജാപതി കാലയവനികയ്ക്കുള്ളിൽ മറഞ്ഞതോടെ പ്രജാപതിക്കാരും അപ്രത്യക്ഷരായി. സുരേഷ് ബാബു, ടി.എസ്. ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയ കള്ളൻമാരുടെ യുദ്ധമായിരുന്നു പിന്നീട്. അത് ഇന്നും തുടരുന്നു. ഇവരോടൊപ്പം പെന്തക്കോസ്തിലെ നൂറു കണക്കിന് കള്ളൻമാരും ഡിഫെൻഡറിനെതിരെ പോരാടിവരുന്നു.

ഒരു ഡസനോളം കള്ള ക്കേസ്സുകൾ ഡിഫെൻഡറിനെതിരെ ഉണ്ടായിട്ടുണ്ട്. ഇന്റർനെറ്റ് കേസ്സാണ് അവയിൽ അവസാനത്തേത്. പണത്തിന്റെ സ്വാധീനം കൊണ്ട് ബാലനെ പരാജയപ്പെടുത്താനും താത്ക്കാലിക നേട്ടങ്ങൾ ഉണ്ടാക്കാനും ടി.എസ്. ഏബ്രഹാമിന് സാധിക്കയും ചെയ്തു. പക്ഷേ വിധി മേൽക്കോടതി സ്റ്റേ ചെയ്തിരിക്കയാണിപ്പോൾ.

ഒരു പെന്തക്കോസ്ത് പത്രത്തിനും അനുഭവിക്കേണ്ടി വന്നിട്ടില്ലാത്തത്ര കഠിനമായ പ്രതികൂലങ്ങളാണ് ഡിഫെൻഡറിന് ഉണ്ടായിട്ടുള്ളത്. പത്തുലക്ഷം രൂപയോളം കടവും ഉണ്ടായിക്കഴിഞ്ഞു. എന്നിട്ടും തളരാതെ മുൻപോട്ട് പോകാൻ കഴിയുന്നത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ്. എന്തെല്ലാം എതിർപ്പുകൾ ഉണ്ടായാലും സത്യം തുറന്നു പറയാനും തിരുവചനസത്യങ്ങളിൽ ഉറച്ചു നിൽക്കാനും ഡിഫെൻഡർ പ്രതിജ്ഞാബദ്ധമാണ്.

# ഷാജി പാസ്റ്റർ ദൈവമാണെന്ന്



ഷാജി പാസ്റ്റർ ദൈവമാണത്രേ. പറയുന്നത് കെ.സി.ജോണിന്റെ സഭയിലെ അമ്പിളിയുടെ ബന്ധുവാണെന്ന് അവകാശപ്പെടുന്ന ഒരാൾ. റ്റി.എസ്.ബാലന്റെ മൊബൈൽ ഫോണിലേക്ക് ഇയാൾ നവംബർ 5,6,7 തീയതികളിൽ നിരവധി തവണ വിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇയാളുടെ ഫോൺ നമ്പർ 9847039309 ആണ്.

ഇവരുടെ ദൈവമായ ഷാജി പാസ്റ്റർക്കെതിരെ എഴുതുന്നു എന്ന് ആരോപിച്ചായിരുന്നു ഭീഷണി. ഇവർക്കെതിരെ പ്രവർത്തിച്ച ആരോ ഒരാളെ ഷാജി പാസ്റ്ററുടെ സഹായത്തോടെ ഇവർ ശവപ്പെട്ടിക്ക് അകത്താക്കി കഴിഞ്ഞെന്നും റ്റി.എസ്.ബാലനും ഇതേ ഗതിയാണ് വരാൻ പോകുന്നതെന്നും ആണ് ഇവർ പറഞ്ഞതിന്റെ ചുരുക്കം. പക്ഷേ ഇവർ ആരെയാണ് ശവപ്പെട്ടിയിലാക്കിയതെന്ന് വ്യക്തമല്ല.

കെ.സി.ജോണിനെതിരേയും ഇവർ ഭീഷണി മുഴക്കുകയുണ്ടായി. കെ.സി.ജോണിന്റെ ശരീരത്തിൽ നിന്നും ഒരു പ്രത്യേക ഭാഗം ചെത്തിയെടുക്കുമെന്നാണ് ഇവർ ഭീഷണിപ്പെടുത്തിയത്. മേല്പടി ഭാഗവുമായി ബന്ധപ്പെട്ട് കെ.സി. ജോണിന് അമ്പിളിയുമായി എന്തോ ബന്ധമുണ്ടെന്ന് സംശയിക്കത്തക്കവിധത്തിലുള്ള കാര്യങ്ങളാണ് അവർ പറഞ്ഞത്.

ഷാജി പാസ്റ്ററും അമ്പിളിയുമായുള്ള വഴിവിട്ട അടുപ്പം നെടുമ്പ്രത്ത് പാട്ടാണ്. അമ്പിളിയുടെ ഭർത്താവ് ഗൾഫിലായതിനാൽ കാര്യങ്ങൾ എളുപ്പവുമായി. അങ്ങനെ ആരും അറിയുന്നില്ല എന്നു കരുതി ഇവർ നടത്തിയ ഇടപാടുകൾ ഡിഫെൻഡർ വെളിച്ചത്തു കൊണ്ടുവന്നതിലുള്ള ദേഷ്യമാണ് ഫോണിലൂടെ പ്രവഹിക്കുന്നത്. ഭീഷണി കേൾക്കുമ്പോൾ ബാലൻ ഭയന്നു വിറയ്ക്കുമെന്നും ഇവരേപ്പറ്റി എഴുതുന്നത് നിർത്തുമെന്നുമാണ് ഇവരുടെ പ്രതീക്ഷ.


Internet: www.tsbalan.com Email: tsbalan@yahoo.com Mobile: 94474 14608. Annual Subscription: Rs. 100/-

ദി ഡിഫെൻഡർ
Vol. No.9 Issue No. 22 2006 November 16

# മറ്റൊരു സുവിശേഷം

മഴമാറി മാനം തെളിഞ്ഞാൽ കൺവെൻഷൻ സീസൺ ആരംഭിക്കുകയായി. കേരളത്തിലെങ്ങും വിവിധതരം കൺവെൻഷനുകളും ക്രൂസേഡുകളും നടക്കും. പ്രാദേശിക സഭകളുടെ നേതൃത്വത്തിൽ നടക്കുന്ന ചെറിയ കൺവെൻഷനുകൾ മുതൽ പെന്തക്കോസ്ത് സംഘടനകളുടെ ജനറൽ കൺവെൻഷൻ വരെ, വിവിധ രൂപത്തിലും ഭാവത്തിലും ഉള്ള കൺവെൻഷനുകളാണ് നടക്കുക. കോടിക്കണക്കിന് രൂപ ഇതിനൊക്കെവേണ്ടി ചെലവഴിക്കുകയും ചെയ്യും. പക്ഷേ ഇതൊക്കെക്കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുണ്ടോ?

സുവിശേഷത്തിന്റെ ശക്തി ക്ഷയിച്ചിട്ടില്ല. പക്ഷേ ഇക്കാലത്ത് സുവിശേഷ പ്രസംഗമെന്ന പേരിൽ നാം കേൾക്കുന്നത് സത്യസുവിശേഷം തന്നെ ആണോ? അതോ പൗലോസ് സൂചിപ്പിച്ചതുപോലെ മറ്റൊരു സുവിശേഷമാണോ?

കർത്താവായ യേശുക്രിസ്തുവിലൂടെ തികച്ചും സൗജന്യമായി ലഭിക്കുന്ന നിത്യരക്ഷയേക്കുറിച്ചുള്ള പ്രസംഗമാണ് സുവിശേഷ പ്രസംഗം. പക്ഷേ വളരെ അപൂർവ്വമായി മാത്രമേ ഈ വിഷയത്തേക്കുറിച്ചുള്ള സുവിശേഷ പ്രസംഗം കേൾക്കുന്നുള്ളൂ. അതിനു പകരമായി മറ്റു പലതുമാണ് ഇന്നത്തെ പ്രസംഗകർ വാഗ്ദാനം ചെയ്യുന്നത്.

യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ കടഭാരം മാറും, രോഗം മാറും, പണക്കാരനാകും, വിദേശത്തുപോകാം എന്നൊക്കെയാണ് പ്രസംഗം. അന്നന്നത്തെ അപ്പം നൽകാമെന്നത് കർത്താവിന്റെ വാഗ്ദത്തമാണ്. കർത്താവായ യേശുക്രിസ്തു രോഗസൗഖ്യം നൽകാറുമുണ്ട്. പണക്കാരനാക്കാമെന്നോ വിദേശത്ത് കൊണ്ടുപോകാമെന്നോ കർത്താവ് ആരോടും വാഗ്ദത്തം ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള കാര്യങ്ങളേക്കുറിച്ച് കർത്താവോ അപ്പോസ്തലൻമാരോ പ്രസംഗിച്ചിട്ടുമില്ല. നിത്യരക്ഷയേക്കുറിച്ചു മാത്രമായിരുന്നു യഥാർത്ഥ സുവിശേഷകർ എക്കാലത്തും പ്രസംഗിച്ചിട്ടുള്ളത്.

എന്നാൽ ഇന്ന് അതല്ല സ്ഥിതി. ഭൗതിക അനുഗ്രഹത്തേക്കുറിച്ചു മാത്രമാണ് ഇക്കാലത്തെ മിക്ക പ്രസംഗകരും പറയുന്നത്. പണമുണ്ടാക്കാനുള്ള എളുപ്പവഴി കർത്താവിനെ അറിയുകയാണ്. രോഗവും ദു:ഖവും സാമ്പത്തിക ബുദ്ധിമുട്ടും ഒക്കെ മാറി ജീവിക്കാം. ഇതെന്തു സുവിശേഷം?

ദാരിദ്ര്യവും രോഗവും ഒക്കെ ശാപത്തിന്റെ ലക്ഷണങ്ങളാണത്രേ. സമ്പത്തികസമൃദ്ധി അനുഗ്രഹത്തിന്റെ ലക്ഷണവും. അങ്ങനെയെങ്കിൽ ധനവാന്റേയും ലാസറിന്റേയും കഥ പറഞ്ഞ കർത്താവായ യേശുക്രിസ്തു പമ്പര വിഡ്ഢിയാണെന്ന് പറയേണ്ടതായി വരും. ദൈവമക്കൾ വഞ്ചിക്കപ്പെടരുത്. സമൃദ്ധിയുടെ സുവിശേഷം മറ്റൊരു സുവിശേഷമാണ്. കർത്താവോ അപ്പോസ്തലൻമാരോ ഇത് പ്രസംഗിച്ചിട്ടില്ല. ദൈവവചനത്തിൽ ഇതിന് ആധാരവുമില്ല.

# സത്യം സത്യമായി

അങ്ങനെ ഡി.ഐ.സി. എന്ന പാർട്ടി എൻ.പി.സിയിൽ ലയിച്ചു. കുളവും സമുദ്രവും ചേർന്ന് കുളദ്രമായി എന്നു പറയാം. പക്ഷേ എത്രക്കാലത്തേക്ക്? അതിനുള്ള ഉത്തരം കരുണാകരനു പോലും പറയാൻ പറ്റില്ല. ഏതു നിമിഷവും മറ്റൊരു പിളർപ്പുണ്ടാകാം. എല്ലാം കുളമായെന്നും വരാം.

ലയനത്തോടെ കേരളത്തിൽ എൻ.പി.സി നിർണ്ണായക ശക്തിയായെന്നാണ് അവകാശവാദം. കോൺഗ്രസ്സിന്റെ പ്രസക്തി നഷ്ടപ്പെട്ടത്രേ. ലീഡർക്ക് നല്ല തമാശ പറയാനും അറിയാം. കേരളത്തിൽ എത്രശതമാനം വോട്ട് എൻ.പിസിക്ക് ഉണ്ടായിരുന്നു? അങ്ങേയറ്റം അര ശതമാനം മാത്രം. ഡി.ഐ.സിക്കോ? കഷ്ടിച്ച് മൂന്നു ശതമാനം. ഇതിൽ നിന്ന് അര ശതമാനമെങ്കിലും വിമതരുടെ കൂടെപ്പോയി. ബാക്കിയുള്ളത് രണ്ടര ശതമാനം. എൻ.പി.സിയുടെ അരശതമാനംകൂടി ആയാൽ പഴയ മൂന്നു ശതമാനമായി. അത്രതന്നെ. കോൺഗ്രസ്സിന് കുറഞ്ഞപക്ഷം 25 ശതമാനം എങ്കിലും ജനപിൻതുണയുണ്ട്. അങ്ങനെയിരിക്കെ മൂന്നു ശതമാനക്കാരൻ 25 ശതമാനക്കാരന്റെ പ്രസക്തി എങ്ങനെ ഇല്ലാതാക്കി?

എന്തിനാണ് ലീഡർ ഇങ്ങനെയൊക്കെ പറയുന്നത്? ഉത്തരം വ്യക്തം. കരുണാകരൻ എവിടെയുണ്ടോ അവിടെയാണ് കോൺഗ്രസ്സുകാർ എന്ന് സോണിയാഗാന്ധിയെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ സർവ്വശക്തനായി കോൺഗ്രസ്സിൽ തിരിച്ചു വരണം. പ്രിയ സുതനെ അടുത്ത മുഖ്യമന്ത്രി ആക്കണം. അതിനുള്ള പെടാപ്പാടാണ് ലീഡർ നടത്തുന്നത്. ഈ വസ്തുത എൽ.ഡി.എഫിനും സാമാന്യ ബുദ്ധിയുള്ള ഏവർക്കും മനസ്സിലായിട്ടുണ്ട്.

ശങ്കരന്റെ നേതൃത്വത്തിൽ ഡി.ഐ.സി വിട്ടവരോട് കോൺഗ്രസ്സുകാർ ഇത്ര ക്രൂരമായി പെരുമാറരുതായിരുന്നു. കസേരയും എടുത്തുകൊണ്ട് ആ പാവം ഇരിക്കാൻ ഇടംതേടി നടക്കുന്നതു കണ്ടിട്ട് ശത്രുക്കൾക്കു പോലും സഹിക്കാൻ കഴിഞ്ഞില്ല. മനോഹരമായി നാടകം കളിച്ചിട്ടും ശോഭനയുടെ ഭാവി ശോഭനമായതുമില്ല. കടിച്ചതുമില്ല, പിടിച്ചതുമില്ല എന്ന സ്ഥിതി. എം.ഐ. ജോണിനേയും കൂട്ടരേയും കാണാനേയില്ല. വംശനാശം വന്നെന്നു തോന്നുന്നു.

കരുണാകരൻജി പറഞ്ഞതുകൊണ്ട് കണ്ണൂർ വിമാനത്താവളം അനുവദിക്കുന്നു എന്ന് കേന്ദ്രമന്ത്രി പറയുന്നു. മുരളീധർജി പറഞ്ഞതുകൊണ്ട് കൂടുതൽ ഫ്ളൈറ്റുകളും അനുവദിക്കുന്നു. സ്വന്തം പാർട്ടിയെ വളർത്താൻ ഇത്ര വിലകുറഞ്ഞ തന്ത്രങ്ങൾ ഒരു കേന്ദ്രമന്ത്രി പ്രയോഗിക്കരുതായിരുന്നു.

അപ്രതീക്ഷിതമായി ഉപതെരഞ്ഞെടുപ്പ് വന്നതോടെ വെട്ടിലായത് ഇടതുപക്ഷമാണ്. എൻ.പി.സിക്കും ഡി.ഐ.സിക്കും തിരുവമ്പാടിയിൽ കുറെ വോട്ടുകളുണ്ട്. അത് വേണ്ടെന്നു വെച്ചാൽ തോറ്റു പോയെന്നു വരാം. ആറു മാസത്തെ ഇടതുഭരണത്തിന്റെ പരാജയമാണ് ഇത് വെളിവാക്കുന്നത് എന്ന പ്രചരണവുമുണ്ടാകാം. പ്രതിപക്ഷം മാത്രമല്ല സ്വന്തം പാർട്ടിക്കാരും അടങ്ങിയിരിക്കയില്ല.

എൻ.പി.സിയെ സ്വീകരിക്കുന്നു എന്ന് പരസ്യമായി പറയാനും വയ്യ. കരുണാകരനും മുരളീധരനും ഒക്കെ വന്ന് ഇടതു നേതാക്കളോടൊപ്പം പ്രസംഗിച്ചാൽ പിന്നീട് അവരെ തള്ളിപ്പറയാനും ബുദ്ധിമുട്ടുണ്ടാകും. എൻ.പി.സിയുടെ പ്രശ്നം അടുത്ത മുന്നണി യോഗത്തിൽ പരിഗണിക്കും എന്ന് പറയുന്നതിന്റെ ഗുട്ടൻസ് ഇതാണ്. നിലവിലുള്ള സ്ഥിതി തുടരുന്നു. അതുകൊണ്ട് എൻ.പി.സി ഇടതുമുന്നണിയിൽ ഉണ്ട്. അടുത്ത ഇടതുമുന്നണി യോഗം തെരഞ്ഞെടുപ്പ് കഴിഞ്ഞേയുള്ളൂ. അപ്പോൾ അവരെ വേണ്ടെന്ന് പറയുകയും ചെയ്യാം.

ഇടതുമുന്നണി വീണ്ടും ജയിച്ചാൽ അത് യു.ഡി.എഫിന് കനത്ത പ്രഹരമാകും. ഇടതുഭരണത്തിന്റെ വിലയിരുത്തലാകും ഈ ഉപതെരഞ്ഞെടുപ്പ് എന്ന് യു.ഡി.എഫ് പ്രഖ്യാപിച്ചു കഴിഞ്ഞു. ഇടതുപക്ഷം ജയിച്ചാൽ അവരുടെ ഭരണം ജനം അംഗീകരിച്ചു എന്ന് തെളിയും. സർക്കാരിനെ വിമർശിക്കാൻ പ്രതിപക്ഷത്തിന് ധാർമ്മികമായ അവകാശം ഇല്ലാതാകും. അതുകൊണ്ട് എങ്ങനെയെങ്കിലും യു.ഡി.എഫിന് ജയിച്ചേ മതിയാകൂ. ലീഗിനും ഇത് അഭിമാന പ്രശ്നമാണ്. ജയിക്കാനായി അവരും പെടാപ്പാട് പെടുന്നുണ്ട്.

ബി.ജെ.പിയുടെ കാര്യം മഹാ കഷ്ടമാണ്. ആർക്കും ആരേയും പേടിയില്ല. ഓരോരുത്തരും അവരവരുടെ വഴിക്ക് പോകുന്നു. പ്രസിഡന്റിനെ എതിരില്ലാതെ തെരഞ്ഞെടുത്തു എന്ന് സാങ്കേതികമായി പറയാം. പക്ഷേ എതിർപ്പുകാരെ അടിച്ചമർത്തിയാണ് എതിരില്ലാതാക്കിയതെന്ന് ഏവർക്കും അറിയാം. പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നതാണ് സ്ഥിതി. മൂന്നാം മുന്നണി ഉണ്ടാക്കുമെന്നൊക്കെ പറയുന്നുണ്ടെങ്കിലും അതൊക്കെ വെറും വ്യാമോഹങ്ങളായി അവശേഷിക്കുന്ന മട്ടാണ്. ഇക്കണക്കിനു പോയാൽ പാർട്ടിക്ക് എത്രക്കാലം നിലനിൽക്കാനാവും എന്ന് കണ്ടുതന്നെ അറിയണം. ഇതിനിടയിൽ മൂന്നാം മുന്നണി ഉണ്ടാക്കാൻ എവിടാണപ്പാ സമയം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# ചവർ വീണ്ടും പ്രതിസന്ധിയിൽ

ചവർ ചാനൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണെന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മാസം 20 ലക്ഷത്തിൽ അധികം രൂപ ആവശ്യമുണ്ടെങ്കിലും അതിന്റെ പത്തു ശതമാനത്തോളം മാത്രമേ ലഭിക്കുന്നുള്ളൂ.

ചാനൽ തുടങ്ങിയാൽ പണം ഒഴുകി എത്തും എന്നായിരുന്നു കെ.സി.ജോണിന്റെ കണക്കുകൂട്ടൽ. പക്ഷേ ഏട്ടിലെ പശു പുല്ല് തിന്നില്ല. പണം എത്തിയുമില്ല. അതോടെ എങ്ങനേയും പണം ഉണ്ടാക്കാനുള്ള നെട്ടോട്ടമായി.

വിവിധ ഗൾഫ് രാജ്യങ്ങളിൽ ചാനലിന്റെ ഉദ്ഘാടനം നടത്തി പണമുണ്ടാക്കാൻ ഒരു ശ്രമം നടത്തിനോക്കി. ദുബായിലുള്ള കുറെ വിഡ്ഢികളെ കബളിപ്പിച്ച് അല്പം പണം ഉണ്ടാക്കുകയും ചെയ്തു. പക്ഷേ അത് ഏതാനും ദിവസങ്ങൾക്കകം തീർന്നു. പിന്നീട് ബഹറിനിൽ ഒരു ഉദ്ഘാടനം നടത്തിയെങ്കിലും കാര്യമായി ഒന്നും കിട്ടിയില്ല. കുവൈറ്റിൽ നടത്തിയ പ്രോഗ്രാമും പരാജയമായിരുന്നു. ഒമാനിൽ ഒരു ഉദ്ഘാടനം നടത്താൻ ആലോചനയുണ്ട്. ഖത്തറിലും സൗദിയിലും ഉദ്ഘാടനം നടത്തുക അത്ര എളുപ്പമല്ല. ഇംഗ്ലണ്ടിൽ നടത്തിയിട്ട് ഫലവുമില്ല.

അവശേഷിക്കുന്നത് അമേരിക്കയാണ്. അവർക്ക് എന്തുകൊണ്ടോ ചാനൽ പരിപാടി ഒട്ടും രസിച്ചിട്ടില്ല. കോടികൾ ലഭിക്കും എന്ന പ്രതീക്ഷയിൽ കെ.സി. ജോൺ കഴിഞ്ഞവർഷം ഒരു അത്യുഗ്രൻ അമേരിക്കൻ പര്യടനം നടത്തിനോക്കിയെങ്കിലും വരവും ചെലവും സമം സമം എന്നതായിരുന്നു ഫലം.

ഇപ്പോൾ ഈ ചങ്ങാതി വീണ്ടും അമേരിക്കയിൽ എത്തിയിട്ടുണ്ട്. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് എന്ന നിലയിലുള്ള അധികാരംകൂടി വിനിയോഗിക്കുമ്പോൾ പണം കിട്ടാതിരിക്കില്ല എന്നാണ് പ്രതീക്ഷ. ഓർഡിനേഷൻ കച്ചവടത്തിലൂടെ കുറെ പോക്കറ്റ്മണി സമ്പാദിക്കാനും കഴിയും.

ഏറ്റവും കുറച്ച് ആളുകൾ കാണുന്ന മലയാളം ചാനലാണ് പവ്വർ വിഷൻ. അതുകൊണ്ട് പരസ്യം വകയിൽ ഒരു ചില്ലിക്കാശുപോലും ലഭിക്കുന്നില്ല. ജോയീസ് മേയറുടെ ബോറ്, ദേവസ്യയുടെ ദുരുപദേശം, തങ്കുവിന്റെ കോലാഹലം എന്നിവ മാത്രമാണ് സ്ഥിര വരുമാനത്തിനുള്ള വക. ഇവർ നൽകുന്ന പണം കൊണ്ട് ഇലക്ട്രിസിറ്റി ബില്ല് അടയ്ക്കാൻ പോലും പറ്റില്ല. കീശയിൽ പണമുള്ള ആരും പ്രോഗ്രാം നടത്താൻ മുൻപോട്ട് വരുന്നുമില്ല. ഈ നില തുടർന്നാൽ ചവർ ഏറെ താമസിയാതെ പൂട്ടിക്കെട്ടും.

## ന്യായപ്രമാണം മാറിയില്ലേ വർഗീസ് മത്തായി?

ന്യായപ്രമാണത്തിലെ കല്പനകൾ പുതിയനിയമ വിശ്വാസി അനുസരിക്കേണ്ടതുണ്ടോ? ഉണ്ടെന്ന് വിവരംകെട്ട പെന്തക്കോസ്തുകാർ പറഞ്ഞേക്കാം. പക്ഷേ അല്പമൊക്കെ വിവരമുള്ള വർഗീസ് മത്തായി ഇങ്ങനെ പറയാൻ തുടങ്ങിയാൽ കഷ്ടമാണ്.

പ്രേക്ഷകരുടെ സകല ആശകളും നശിപ്പിച്ച് സമ്പൂർണ്ണ വിരക്തിയുണ്ടാക്കുന്ന ഒരു പരിപാടി വർഗ്ഗീസ് മത്തായി “പ്രത്യാശ” എന്ന പേരിൽ ചവർ ചാനലിൽ നടത്തുന്നുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണത്തേക്കുറിച്ച് ഈ പരിപാടിയിൽ പരാമർശിക്കുമ്പോഴാണ് വർഗീസ് മത്തായി ന്യായപ്രമാണത്തിലേക്ക് കടന്നത്. സ്ത്രീയുടെ വസ്ത്രം പുരുഷനും പുരുഷന്റെ വസ്ത്രം സ്ത്രീയും ധരിക്കരുത് എന്ന് ദൈവ കല്പന ഉണ്ടെന്നും അത് നാം പാലിക്കണമെന്നും വർഗീസ് മത്തായി പറഞ്ഞു. പാന്റ്സ് ധരിക്കുക എന്നത് ജോലിയുടെ ഭാഗമായി നിർബ്ബന്ധമാക്കിയിട്ടുള്ള ജോലികൾ വിശ്വാസികൾ ഒഴിവാക്കണമെന്നുവരെ പറഞ്ഞുവെയ്ക്കുന്നു. ന്യായപ്രമാണം മാറിയതും പുതിയനിയമം വന്നതും വർഗീസ് മത്തായി അറിഞ്ഞിട്ടില്ല. യോഗ്യമായ വസ്ത്രം ധരിക്കണമെന്നും വിലയേറിയ വസ്ത്രം ഒഴിവാക്കണമെന്നും അല്ലാതെ വസ്ത്രധാരണത്തേക്കുറിച്ച് പുതിയ നിയമത്തിൽ ഒരു കല്പനയുമില്ല എന്ന് ഇനിയെങ്കിലും വർഗീസ് മത്തായി മനസ്സിലാക്കുക.

ഇനി ഒരു സ്വകാര്യം: സംഗതി പരമ രഹസ്യമാണ്, ട്ടോ. ന്യായപ്രമാണം മാറിയത് അറിയാതെ വല്ല അംഗഭംഗപ്പരിപാടിയും വർഗീസ് മത്തായി നടത്തിയോ?

## പിശാചിനെ ഓടിക്കാൻ പുതിയ തന്ത്രവുമായി പുതുപ്പള്ളിയച്ചൻ

പിശാചിനെ ഓടിക്കാൻ തികച്ചും ഫലപ്രദമായ ഒരു പോംവഴി പുതുപ്പള്ളിയച്ചൻ എന്ന ജോർജ് മാത്യു പുതുപ്പള്ളി കണ്ടുപിടിച്ചിരിക്കുന്നു. കഴിഞ്ഞയാഴ്ച ചവറിൽ നടത്തിയ പ്രസംഗത്തിലാണ് പുതുപ്പള്ളിയച്ചൻ തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്.

വേദവാക്യങ്ങൾ എഴുതിയ ഒരു കടലാസ്സുതുണ്ടെങ്കിലും പോക്കറ്റിലുണ്ടെങ്കിൽ സാത്താന് നമ്മെ ഒന്നും ചെയ്യാൻ പറ്റില്ലത്രേ. പണ്ട് സാധു സുന്ദർസിംഗിനെ ഉപദ്രവിക്കാനെത്തിയ ഒരു മന്ത്രവാദിയിൽ നിന്നും സുന്ദർസിംഗ് രക്ഷപ്പെട്ടത് ഈ വിധത്തിലായിരുന്നു. പഴയ ഒരു വേദപുസ്തകത്തിന്റെ കീറിപ്പറിഞ്ഞ ഒരു പേജ് സുന്ദർസിംഗിന്റെ പോക്കറ്റിൽ ഉണ്ടായിരുന്നതുകൊണ്ട് മന്ത്രവാദിക്ക് സുന്ദർസിംഗിനെ ഉപദ്രവിക്കാൻ കഴിഞ്ഞില്ല.

ഭൂതത്തെ ഓടിക്കാൻ ഉപവാസവും പ്രാർത്ഥനയും നടത്തി മടുക്കുമ്പോഴെങ്കിലും ഈ വിദ്യ ഒന്ന് പ്രയോഗിച്ചു നോക്കുന്നതിൽ തെറ്റില്ല. വേദപുസ്തകത്തിന്റെ ഒരു താളല്ല സാക്ഷാൽ വേദപുസ്തകം തന്നെ ഭൂതബാധിതന്റെ തലയിൽ വെച്ച് പ്രാർത്ഥിക്കുക. ഭൂതം പമ്പ കടക്കും എന്നു തീർച്ച. പ്രവാചകൻമാർക്ക് ഇത് ഒരു ബിസിനസ്സായി ചെയ്യാവുന്നതുമാണ്. വേദപുസ്തകം വാങ്ങി കുത്തിക്കെട്ടഴിച്ച് താളുകളാക്കുക. ഓരോ പേജ് എടുത്ത് മടക്കി തകിടിലോ മറ്റോ ആക്കി കെട്ടാനുള്ള നൂലുമിട്ട് കൊടുക്കാം. ഭൂതബാധയുള്ളവരുടെ ഭൂതം പോകും. നാളിതുവരെ ഭൂതം ബാധിച്ചിട്ടില്ലാത്തവർക്ക് ഇനി ഭൂതം ബാധിക്കാതെ കഴിക്കയുമാകാം. പുതുപ്പള്ളിയച്ചൻ ഇത്ര വലിയ മർമ്മങ്ങളൊക്കെ പുറത്തു വിടാതെ ഈ കാലമത്രയും രഹസ്യമാക്കി വെച്ചത് മോശമായിപ്പോയി.

## ദേവസ്യ മുല്ലക്കരയും മോശമല്ല

ഭൂതപ്രേത പിശാചുക്കളെ ഓടിക്കാൻ കുറുക്കുവഴികൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ ദേവസ്യ മുല്ലക്കരയും മോശമല്ല. ചവറിലെ പ്രസംഗത്തിനിടയിൽ ദേവസ്യ തന്റെ കണ്ടുപിടുത്തം അവതരിപ്പിച്ചു.

കുറെ വെള്ളമെടുത്ത് പ്രാർത്ഥിച്ച് വെഞ്ചരിക്കുക. (അച്ചൻമാരേക്കൊണ്ട് വെഞ്ചരിപ്പിക്കണോ അതോ സാധാരണക്കാർ പ്രാർത്ഥിച്ചാൽ വെഞ്ചരിച്ച ഫലം ഉണ്ടാകുമോ എന്നൊന്നും മുല്ലക്കര വിശദീകരിച്ചില്ല). ഇങ്ങനെ വെഞ്ചരിച്ച വെള്ളം തളിച്ചാൽ ഭൂതപ്രേതാദികൾ ഓടും. ഈ വെള്ളം വീട്ടിൽ തളിച്ചാൽ വീടിനുള്ളിൽ ഒളിച്ചിരിക്കുന്ന പിശാചുക്കൾ സ്ഥലം വിടും. വെള്ളം വീടിനു ചുറ്റും തളിച്ചാൽ വീട്ടിൽ കടക്കാനാവാതെ പിശാച് വിഷമിക്കും. കന്നുകാലികളുടെ ദേഹത്ത് വെള്ളം തളിച്ചാൽ സാത്താൻ കന്നുകാലികളേപ്പോലും ഉപദ്രവിക്കാനാവാതെ വിഷമിക്കും. സംഗതി എത്ര എളുപ്പം. ദേവസ്യയെ പെന്തക്കോസ്തുകാർക്ക് പരിചയപ്പെടുത്തിത്തന്ന കെ.സി.ജോണിന് അഭിനന്ദനം.

## കെ.സി.ജോൺ അമേരിക്കയിൽ

കെ.സി.ജോൺ വീണ്ടും അമേരിക്കയിൽ എത്തിയിരിക്കയാണ്. ലക്ഷ്യം പണം തന്നെ. ചവറിനെ നിലനിർത്താൻ പണം വേണം. സ്വന്തം പോക്കറ്റിലും വേണം പണം. ഇതിന് ഇനി അമേരിക്ക തന്നെ ശരണം.

നവംബർ 17, 18 തീയതികളിൽ ടെന്നിസ്സിയിലെ ചാററനൂഗാ ഐ.പി.സിയുടെ നേതൃത്വത്തിൽ പ്രോഗ്രാം ക്രമീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ മറ്റു സ്ഥലങ്ങളിലും പ്രോഗ്രാം ഉണ്ടാകും.

## മാത്യൂസ് ചാക്കോ മറുപടി പറയണം

വചനസ്ഫോടനം എന്ന പേരിൽ മാത്യൂസ് ചാക്കോ രണ്ടാഴ്ച മുൻപ് ചവറിൽ നടത്തിയ വെടിക്കെട്ടിൽ അപ്പോക്രീഫായോക്കുറിച്ച് പറഞ്ഞിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, വിശുദ്ധൻമാരോടുള്ള പ്രാർത്ഥന എന്നിവ ന്യായീകരിക്കൻ കത്തോലിക്കരും മറ്റും അപ്പോക്രീഫ ഉപയോഗിക്കുന്നതായി മാത്യൂസ് ചാക്കോ പറഞ്ഞു.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അവർ അപ്പോക്രീഫാ ഉപയോഗിക്കുന്നു എന്നത് ശരിതന്നെ. പക്ഷേ വിശുദ്ധരോടു പ്രാർത്ഥിക്കാൻ കത്തോലിക്കരും മറ്റും അപ്പോക്രീഫ അടിസ്ഥാനമാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏത് അപ്പോക്രീഫാ പുസ്തകത്തിലെ ഏതു വാക്യമാണ് അവർ ഉപയോഗിക്കുന്നത്? ദയവായി വ്യക്തമാക്കണം.

## വരുന്നൂ പുത്രൻ

വിദേശവാസം കഴിഞ്ഞ് പുത്രൻ മടങ്ങിയെത്തുന്നു. ഇനി പിതാവിന്റെ സിംഹാസനത്തിൽ പുത്രൻ എന്നെന്നും വാണരുളും.

സംഭവം എന്താണെന്ന് കുറച്ചുകൂടി വ്യക്തമായി പറയാം. കെ.സി.ജോണിന്റെ മൂത്ത പുത്രൻ വിദേശവാസം കഴിഞ്ഞ് മടങ്ങിയെത്തുന്നു. ഉടനെയല്ല, ഏതാനും മാസം കഴിഞ്ഞേ എത്തൂ. പുത്രന് വിദേശവും വിദേശത്തുള്ളവർക്ക് പുത്രനേയും മടുത്തു. ഇനി അവിടെ നിന്നിട്ട് കാര്യമില്ല.

പുത്രനെ സ്ഥിരമായി വിദേശത്ത് നിർത്താനായിരുന്നു പിതാവിന്റെ പരിപാടി. അതിനായി പതിനെട്ടടവും പയറ്റുകയും ചെയ്തു. പക്ഷേ ഫലമുണ്ടായില്ല.എത്ര ഉന്തിയാലും പുത്രൻ മരത്തിൽ കയറുകയില്ല എന്നുവന്നാൽ എന്തുചെയ്യും. ഒടുവിൽ കെ.സി.ജോൺ മടുത്തു. അങ്ങനെയാണ് പുത്രൻ ഈ ഭൂമിയിൽ മടങ്ങിയെത്താൻ ഇടയായത്.

പുത്രന്റെ മടങ്ങിവരവിനു പിന്നിൽ മറ്റൊരു ഉദ്ദേശ്യംകൂടി ഉണ്ട്. ഐ.പി.സിയുടെ പ്രസിഡന്റ്, ചവറിന്റെ ചെയർമാൻ തുടങ്ങിയ ഉശിരൻ ഉത്തരവാദിത്വങ്ങൾ ഉള്ളതുകൊണ്ട് കെ.സി.ജോണിന് മിക്ക ദിവസങ്ങളിലും വീട് വിട്ട് നിൽക്കേണ്ടതായി വരുന്നു. അസിസ്റ്റന്റ് ഷാജി ഉള്ളതുകൊണ്ട് വലിയ കുഴപ്പങ്ങളൊന്നും കൂടാതെ കാര്യങ്ങൾ നടന്നു പോയിരുന്നു. പക്ഷേ ഷാജിയുടെ അസിസ്റ്റൻസ് സഭയിൽ മാത്രമല്ല കെ.സി.ജോണിന്റെ വീട്ടിലും നടക്കുന്ന വിവരം ഡിഫെൻഡർ പുറത്താക്കിയതോടെ ആകെ പ്രശ്നമായി. ഷാജിയെ ഇപ്പോൾ പിരിച്ചു വിട്ടാൽ ഡിഫെൻഡർ പറഞ്ഞത് ശരിയാണെന്ന് വ്യക്തമാകും. ഡിഫെൻഡർ എഴുതിയത് ശരിയാകയാൽ ഷാജിയെ ഏറെക്കാലം സഭയിൽ വെച്ചുകൊണ്ടിരിക്കാനും വയ്യ. അതിനുള്ള മനോഹരമായ പോംവഴിയാണ് പുത്രന്റെ മടങ്ങിവരവ്. പുത്രൻവന്നാൽ പിന്നെ അസിസ്റ്റന്റ് എന്തിന്? പുത്രൻ ഇൻ. ഷാജി ഔട്ട്. ഇതാണ് നടക്കുക.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# അൻപതു വയസ്സ് ഒരു പ്രായമാണോ?

അൻപതു വയസ്സ് ഒരു പ്രായമാണോ? ആണെന്നും അല്ലെന്നും പറയാം. അത് ഓരോരുത്തരുടേയും മാനസികനില അനുസരിച്ച് വ്യത്യസ്തമായിരിക്കും.

എന്താ ഇപ്പോൾ ഇങ്ങനെയൊക്കെ ചോദിക്കാൻ കാരണം എന്ന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ കാര്യം നേരേ ചൊവ്വേ പറയാം. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന് കഴിഞ്ഞ 8-ാം തീയതി അൻപതു വയസ്സ് തികഞ്ഞിരിക്കുന്നു. എന്റെ മാനസികവും ശാരീരികവുമായ സ്ഥിതി വെച്ചു പറഞ്ഞാൽ എൺപതു തികഞ്ഞ സ്ഥിതിയിലാണിപ്പോൾ. ശരിക്കൊന്നു മരിക്കാനുള്ള പ്രായമായി എന്നു ചുരുക്കം.

മരണം എന്ന് കേൾക്കുന്നതുതന്നെ പലർക്കും പേടിയാണ്. എനിക്കും അങ്ങനെതന്നെ ആയിരുന്നു. പക്ഷേ 33 വർഷം മുൻപ്, ഞാൻ രക്ഷിക്കപ്പെട്ട - വീണ്ടും ജനിച്ച - ദിവസം മരണഭയം എന്നെ വിട്ടുമാറി. അതുകൊണ്ട് മരണത്തേക്കുറിച്ചു പറയാൻ എനിക്ക് ഭയമില്ല. ഏറെക്കാലം ഇനി ജീവിക്കണമെന്ന ആഗ്രഹവുമില്ല.

നായർ കുടുംബത്തിൽ ജനിച്ച ഞാൻ ചെറുപ്പത്തിൽ വലിയ ഭക്തനായിരുന്നു. ഞങ്ങളുടെ ഗ്രാമത്തിലെ ദേവിയിലും ശബരിമല ശാസ്താവിലും അതിരറ്റ വിശ്വാസമാണ് എനിക്കുണ്ടായിരുന്നത്. എന്നാൽ പതിമൂന്ന് വയസ്സ് കഴിഞ്ഞതോടെ യുക്തിബോധത്തോടെ ചിന്തിക്കാൻ തുടങ്ങി. അല്പം ശാസ്ത്രം കൂടി പഠിച്ചതോടെ എല്ലാ ദൈവങ്ങളിലുമുള്ള വിശ്വാസം എനിക്ക് നഷ്ടമായി. തുടർന്നുള്ള നാലഞ്ചു വർഷക്കാലം ഞാൻ നിരീശ്വരനായി ജീവിച്ചു.

എന്റെ ജീവിതത്തിലെ ഏറ്റവും ഭീകരമായ കാലമായിരുന്നു അത്. ഇന്നും ഭയത്തോടെ മാത്രമേ എനിക്ക് ആ കാലത്തേക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. ഈ ലോകം എങ്ങനെയുണ്ടായി, ഞാൻ ആരാണ്, മരണശേഷം എന്താണ് സംഭവിക്കുന്നത് തുടങ്ങി പലതിനേക്കുറിച്ചും ഞാൻ ചിന്തിച്ചു. അടുത്ത സുഹൃത്തുക്കളിൽ ചിലർ അപ്രതീക്ഷിതമായി മരിച്ചതോടെ ഞാൻ കൂടുതൽ അസ്വസ്ഥനായി. ആ സ്ഥിതിയിൽ ഞാൻ കുറേക്കാലംകൂടി തുടർന്നിരുന്നെങ്കിൽ എന്താകുമായിരുന്നു ഫലം എന്ന് പറയാനാവില്ല. ഏതായാലും സ്നേഹസ്വരൂപനായ ദൈവം എന്നെ മുന്നറിഞ്ഞിരുന്നു. അതുകൊണ്ട് ദൈവം എന്റെ കണ്ണു തുറന്നു. ഞാൻ സത്യം മനസ്സിലാക്കി. അല്പം വിശദമായി പറയേണ്ട കഥയാണത്. ആ കഥ പറയാൻ തന്നെയാണ് ഭാവം. അതിനുള്ള ഒരു മുഖവുരയാണ് ഈ കുറിപ്പ്.

ഞാൻ രക്ഷിക്കപ്പെട്ട് ഏറെ ദിവസങ്ങൾ കഴിയുന്നതിനു മുൻപ് ദൈവാത്മാവ് എന്നോട് ചോദിച്ചു: ''എന്തെല്ലാം പ്രതികൂലങ്ങൾ ഉണ്ടായാലും എന്റെ വചനത്തിൽ ഉറച്ചു നിൽക്കാമെന്ന് നീ തീരുമാനിക്കുമോ? എങ്കിൽ എനിക്ക് നിന്നേക്കൊണ്ട് ഒരു ശുശ്രൂഷ ചെയ്യിക്കുവാനുണ്ട്''. ഞാൻ ഉടൻ മറുപടി പറഞ്ഞില്ല. ഏതാനും മണിക്കൂറുകൾ ആലോചിച്ചു. ഒടുവിൽ ഒരു തീരുമാനമെടുത്തു. അതിനുശേഷം ഞാൻ മറുപടി പറഞ്ഞു: ''എന്തെല്ലാം പ്രതികൂലങ്ങൾ ഉണ്ടായാലും ദൈവവചനത്തിൽ ഉറച്ചു നിൽക്കാമെന്ന് ഞാനിതാ തീരുമാനിക്കുന്നു. ദൈവഹിതത്തിനായി ഞാൻ എന്നെ സമർപ്പിക്കുന്നു''.

ഈ വാചകം പറഞ്ഞു തീർന്നയുടൻ അത്യധികമായ ഒരു ശക്തി എന്റെ ശരീരത്തിലെത്തി. കറണ്ട്കമ്പി ദേഹത്തു വീണ പ്രതീതി. നാലഞ്ചു മിനിട്ട് സമയത്തേക്ക് എനിക്ക് എന്റെ ശരീരം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഒട്ടൊക്കെ നിയന്ത്രണം ഉണ്ടായ ശേഷവും ശരീരത്തിലൂടെ വിദ്യുച്ഛക്തി ഒഴുകി നടക്കുന്നതുപോലെ തോന്നി. എന്റെ തീരുമാനം ദൈവം അന്ന് അംഗീകരിച്ചു. ആ തീരുമാനത്തിൽ ഞാൻ ഇന്നും ഉറച്ചു നിൽക്കുന്നു.

ബാലനെ ദൈവദാസനായി കണക്കാക്കുന്നവരുടെ സംഖ്യ വളരെ ചെറുതാണ്. ബാലനോളം വലിയ പാപി ഈ ഭൂമിയിലില്ല എന്ന് ഭൂരിപക്ഷം പെന്തക്കോസ്തുകാരും പറയും. പക്ഷേ ബാലൻ ഒരു ദുരുപദേശം പറഞ്ഞതായി ആരും നാളിതുവരെ ചൂണ്ടിക്കാണിച്ചിട്ടില്ല. ദൈവവചനത്തിനു നിരക്കാത്ത ഒരു വ്യാഖ്യാനം ബാലൻ നടത്തിയതായി പറയാനുമാവില്ല. എന്താണ് കാരണം? ദൈവവചനം ഗ്രഹിക്കാനുള്ള വരം ദൈവം എനിക്ക് നൽകിയിട്ടുണ്ട്. എന്തെല്ലാം പ്രതികൂലങ്ങളുണ്ടായാലും വചനത്തിൽ ഉറച്ചു നിൽക്കാമെന്ന് ഞാൻ ദൈവവുമായി ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ചെയ്യാനുള്ള ശക്തി ദൈവം എനിക്ക് തന്നിട്ടുമുണ്ട്.

ബാലൻ മഹാപാപിയാണെന്ന് നിങ്ങൾ പറഞ്ഞുകൊള്ളൂ. ദുരുപദേശങ്ങളേയും ദുർന്നടപടികളേയും എതിർത്തു എന്നതാണ് ഞാൻ ചെയ്ത പാപം. ഇത്തരം പാപം ചെയ്യുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. ദുരുപദേശങ്ങൾക്കും ദുർന്നനടപടികൾക്കും എതിരേ കണ്ണടച്ചിട്ട് കിട്ടുന്ന നൻമയും സൽപ്പേരും എനിക്കുവേണ്ട.

ഞാൻ കർത്താവിനെ പിൻപറ്റിയിട്ട് 33 വർഷമായി. ആത്മീയലോകത്തെ ഏറ്റവും വലിയ പാപി എന്നുള്ള പേര് എനിക്കു ലഭിച്ചുകഴിഞ്ഞു. ഭൗതീകരംഗത്ത് ഒന്നും നേടിയിട്ടുമില്ല. പത്തുലക്ഷത്തോളം രൂപ കടമുണ്ട്. അത് എങ്ങനെ വീട്ടുമെന്ന് അറിഞ്ഞുകൂടാ. സ്വന്തമെന്നു പറയാൻ വീട്ടുപകരണങ്ങളും കുറെ പുസ്തകങ്ങളും മാത്രം. വാടകവീട്ടിൽ താമസം. കൃത്യമായി വാടക കൊടുക്കാൻ പോലും കഴിയുന്നില്ല. ഇത്രയുമൊക്കെയാണ് ഞാൻ അൻപതു വർഷം കൊണ്ട് നേടിയത്.

ഇനി ഏറെക്കാലമൊന്നും മുൻപിലില്ല. ശരീരത്തിന്റെ സ്ഥിതി വളരെ മോശം. ഒന്നാംതരം ചില രോഗങ്ങൾ ഒപ്പമുണ്ട്. വിശേഷിച്ച് ഒരു മുന്നറിയിപ്പ് കൂടാതെ മരിക്കാം. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടി ഇരിക്കുന്നത് ഏറെ നല്ലത്.

ഇനി ഏറെക്കാലം ഇരിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല എന്നതാണ് വസ്തുത. ഞാൻ ഏറെ ദുഃഖിതനാണ്. ഭൗതീക വിഷയങ്ങളുമായി ബന്ധപ്പെട്ടതല്ല ആ ദുഃഖം. ഇത് തികച്ചും ആത്മീയപ്രശ്നമാണ്. ദൈവജനത്തിന്റെ ഇന്നത്തെ സ്ഥിതിയാണ് എന്റെ ദുഃഖത്തിന്റെ കാരണം.

ദൈവവചനം കേൾക്കാൻ മിക്കവർക്കും താല്പര്യമില്ല. യഥാർത്ഥ സുവിശേഷം വിട്ട് ജനം മറ്റു സുവിശേഷങ്ങളിലേക്ക് തിരിഞ്ഞുകഴിഞ്ഞു. ഭൗതീക നേട്ടങ്ങൾക്കായി ജനം നെട്ടോട്ടമോടുകയാണ്. ദൈവജനത്തെ നേർവഴിക്കു നടത്തേണ്ട ഇടയൻമാർ മാമ്മോന്റെ തടവറയിലാണ്. ഇതൊക്കെ കണ്ട് ഞാൻ സന്തോഷിക്കുന്നതെങ്ങനെ? മടുത്തു. ഇനി കടന്നുപോയാൽ മതി. അതിന് യജമാനന്റെ അനുവാദം കിട്ടാൻ കാത്തിരിക്കയാണ് ഞാൻ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവദാസൻമാർ റവറന്റ്, പാസ്റ്റർ, അപ്പോസ്തലൻ തുടങ്ങിയ സ്ഥാനപ്പേരുകൾ വിശേഷണമായി ഉപയോഗിക്കുന്നത് ശരിയായ നടപടിയാണോ?

■ അപ്പോസ്തലനായ പത്രോസ്, അപ്പോസ്തലനായ പൗലോസ് എന്നും മറ്റും തിരുവചനത്തിൽത്തന്നെ ഉള്ളതുകൊണ്ട് ഇത്തരം സ്ഥാനപ്പേരുകൾ ഉപയോഗിക്കുന്നത് തെറ്റാണെന്ന് പറയാനാവില്ല. എങ്കിലും ഈ വിഷയം അല്പം വിശദീകരിക്കേണ്ടതുണ്ട്.

അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, ഉപദേഷ്ടാവ് എന്നിങ്ങനെ അഞ്ചുതരം ശുശ്രൂഷകരേക്കുറിച്ച് ദൈവവചനത്തിൽ പറയുന്നുണ്ട്. ഇവരിൽ അപ്പോസ്തലനാണ് ഏറ്റവും വലിയവൻ. പന്ത്രണ്ട് പ്രധാന അപ്പോസ്തലൻമാരുണ്ടായിരുന്നു. കൂടാതെ പൗലോസ്, ബർന്നബാസ് (പ്രവൃ. 14:14) തുടങ്ങിയ അപ്പോസ്തലൻമാരുമുണ്ട്. ഒന്നാം നൂറ്റാണ്ട് അവസാനിച്ചതോടെ അപ്പോസ്തലൻമാരും ഇല്ലാതായി എന്ന് പഠിപ്പിക്കുന്നവരുണ്ട്. പക്ഷേ ഈ വാദത്തിന് തിരുവചനത്തിൽ ആധാരമില്ല.

ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ഉണ്ടായിരുന്നതുപോലെ ഇന്നും പ്രവാചകൻമാരുണ്ട്. പ്രവചന ശുശ്രൂഷയേക്കുറിച്ച് പലവട്ടം ഡിഫെൻഡറിൽ എഴുതിയിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

സുവിശേഷകൻ എന്നത് പാസ്റ്ററുടെ താഴെയുള്ള ശുശ്രൂഷയാണ് എന്നൊരു ധാരണയുണ്ട്. ബൈബിൾ കോളേജിലെ പഠിത്തം കഴിഞ്ഞ് ഇറങ്ങിയാൽ സുവിശേഷകനായി. അഞ്ചോ പത്തോ കൊല്ലം കഴിഞ്ഞ് ഓർഡിനേഷൻ കിട്ടുമ്പോൾ പാസ്റ്ററാകും. ഇതാണ് ഇന്നത്തെ പെന്തക്കോസ്തിലുള്ളത്. ദൈവവചനം പഠിക്കാത്തതിന്റെ കുഴപ്പമാണിത്. സുവിശേഷകൻ മൂത്ത് പാസ്റ്ററാകുന്ന പരിപാടി ദൈവവചനത്തിൽ ഇല്ല.

പ്രാദേശിക സഭയിലെ ശുശ്രൂഷകരുടെ അദ്ധ്യക്ഷനാണ് പാസ്റ്റർ. ലോക്കൽ സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കും. അവരുടെ അദ്ധ്യക്ഷനാണ് ബിഷപ്പ് അഥവാ പാസ്റ്റർ.

ദൈവവചനം പഠിപ്പിക്കാനുള്ള അറിവും കഴിവും ഉള്ളവരാണ് ഉപദേഷ്ടാക്കൻമാർ ആകേണ്ടത്. അദ്ധ്യാപകർ എന്നായിരുന്നു ഈ വാക്ക് തർജ്ജമ ചെയ്യേണ്ടിയിരുന്നത്.

അപ്പോസ്തലനെ അപ്പോസ്തലൻ എന്നു വിളിക്കാമെങ്കിൽ മറ്റു ശുശ്രൂഷകരേയും അവരുടെ ശുശ്രൂഷയ്ക്ക് അനുയോജ്യമായ വിധത്തിൽ പ്രവാചകൻ, സുവിശേഷകൻ, പാസ്റ്റർ, അദ്ധ്യാപകൻ എന്നിങ്ങനെ വിളിക്കാം. ഈ അഞ്ചുതരം ശുശ്രൂഷകരിൽ പാസ്റ്റർ എന്നത് പ്രാദേശിക സഭയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ശുശ്രൂഷകനാകയാൽ അദ്ദേഹം എല്ലാവരുടേയും പാസ്റ്ററാണെന്ന് പറയാനാവില്ല. അതുകൊണ്ട് പാസ്റ്റർ അദ്ധ്യക്ഷത വഹിക്കുന്ന സഭയിലെ അംഗങ്ങൾ അദ്ദേഹത്തെ പാസ്റ്റർ എന്നു വിളിക്കുകയും മറ്റുള്ളവർ ബ്രദർ എന്നു വിളിക്കയുമാണ് ഉചിതം. മറ്റുള്ളവർ അദ്ദേഹത്തെ പാസ്റ്റർ എന്നു വിളിക്കുന്നത് ഗുരുതരമായ തെറ്റല്ലെങ്കിലും അർത്ഥശൂന്യമാണ്.

പാസ്റ്ററായിരുന്ന വ്യക്തി ആ ശുശ്രൂഷ അവസാനിപ്പിച്ചു കഴിഞ്ഞാൽ പാസ്റ്ററല്ല. അദ്ദേഹത്തെ പാസ്റ്റർ എന്നു വിളിക്കുന്നത് അർത്ഥശൂന്യമാണ്. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഏഴു വർഷം പ്രാദേശിക സഭയുടെ അദ്ധ്യക്ഷനായിരുന്നു. അക്കാലത്ത് ഞാൻ ആ സഭയിലുള്ളവർക്ക് പാസ്റ്ററായിരുന്നു. ഇപ്പോൾ ഞാൻ സുവിശേഷകനാണ്. ദൈവവചനം പഠിപ്പിക്കുന്നതുകൊണ്ട് അദ്ധ്യപകനാണെന്നും പറയാം. ഏതായാലും പാസ്റ്ററല്ല.

ഇനി റവറണ്ടിന്റെ കാര്യം. ''സൈന്യങ്ങളുടെ ദൈവമായ യഹോവ ഭയങ്കരൻ'' എന്ന വാക്യത്തിൽ മാത്രമാണ് ഇംഗ്ലീഷ് ബൈബിളിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. യഹോവയേപ്പോലെ ബഹുമാനത്തിന് യോഗ്യൻമാരാണ് ഈ പാസ്റ്റർമാരെങ്കിൽ അവരെ അങ്ങനെ വിളിച്ചുകൊള്ളൂ. പക്ഷേ വെറും കൃമികളായ മനുഷ്യർ എങ്ങനെ അത്ര വലിയവരാകുമെന്ന് അറിഞ്ഞുകൂടാ.

പാസ്റ്റർ എപ്പോഴാണ് റവറണ്ടാകുന്നത് എന്നും അറിഞ്ഞുകൂടാ. സാധാരണക്കാരായ പാസ്റ്റർമാർ എത്രക്കാലം ശുശ്രൂഷ ചെയ്താലും പാസ്റ്ററായി തുടരും. പക്ഷേ പണവും പ്രതാപവുമുള്ളവർ റവറണ്ടാകും. വിചിത്രമെന്നേ പറയേണ്ടൂ.

നന്നായി വേലചെയ്യുന്ന ദൈവദാസൻമാരെ തീർച്ചയായും ബഹുമാനിക്കണം. ആ അർത്ഥത്തിലാണ് റവറണ്ട് എന്നു വിളിക്കുന്നത് എന്നൊരു വാദം നിലവിലുണ്ട്. പക്ഷേ ഇത് വെറുതെയാണ്. ഒരാൾ എത്രത്തോളം അദ്ധ്വാനിക്കുന്നു എന്നു നോക്കിയല്ല റവറണ്ട് എന്നു വിളിക്കുന്നത്. പണം, പ്രതാപം, കുടവയറ് തുടങ്ങി പലതുമാണ് പാസ്റ്ററെ റവറണ്ടാക്കുന്നത്.

പണ്ടൊക്കെ പെന്തക്കോസ്ത് സഭകളിൽ ഉപദേശിമാരേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ഇപ്പോൾ ഉപദേശിമാരെ കാണാനേയില്ല. എല്ലാവരും പാസ്റ്ററോ റവയോ ആണ്.

രക്ഷിക്കപ്പെട്ടവരെല്ലാം പുരോഹിതരാണ്. അവർ ദൈവദാസൻമാരുമാണ്. എന്നാൽ പൂർണ്ണ സമയം ദൈവവേല ചെയ്യാൻ വിളിക്കപ്പെട്ടവരെ അതിനായി പ്രാദേശികസഭ കൈവെച്ച് വേർതിരിക്കണം. ഇതാണ് ഓർഡിനേഷൻ.

പൂർണ്ണ സമയം ദൈവവേല ചെയ്യുന്നവരും പാർട്ട് ടൈം പ്രവർത്തകരായ സാധാരണ വിശ്വാസികളും തമ്മിൽ ശുശ്രൂഷയിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. സാധാരണ വിശ്വാസി ഏതെങ്കിലും ശുശ്രൂഷകനെ സഹോദരാ എന്നു വിളിച്ചാൽ ആകാശം ഇടിഞ്ഞു വീഴുകയില്ല. പട്ടത്വ സഭയിലെ പുരോഹിതനേപ്പോലെയല്ല ദൈവസഭയിലെ ശുശ്രൂഷകർ എന്ന വസ്തുത മനസ്സിലാക്കിയാൽ പ്രശ്നം തീർന്നു.



# ജോലി വാഗ്ദാനം നൽകി തട്ടിപ്പ്

ജോലി നൽകാമെന്നു പറഞ്ഞ് തട്ടിപ്പു നടത്തിയ പാസ്റ്റർ പോലീസിനെ വെട്ടിച്ച് സ്ഥലം വിട്ടു. ബിലീവേഴ്സ് ചർച്ചിലെ പാസ്റ്ററാണെന്നും കെ.പി.യോഹന്നാന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു പ്രോജക്ട് ആണ് എന്നും പ്രചരിപ്പിച്ചാണ് ഇയാൾ തട്ടിപ്പു നടത്തിയത്.

സംഭവം നടന്നത് ഇടുക്കി ജില്ലയിലുള്ള കൊച്ചറയിലും പരിസര പ്രദേശങ്ങളിലുമാണ്. തിരുവനന്തപുരം സ്വദേശിയാണെന്ന് പറയപ്പെടുന്ന മോഹൻദാസ് സുവിശേഷ പ്രവർത്തനവുമായാണ് കൊച്ചറയിൽ എത്തിയത്. തന്റെ ബാങ്ക് അക്കൗണ്ടിൽ 107 കോടി രൂപ നിക്ഷേപമുണ്ടെന്നും അത് ജീവകാരുണ്യ പ്രവർത്തനത്തിനായി വിനിയോഗിക്കാനാണ് ഉദ്ദേശ്യമെന്നും മോഹൻദാസ് പ്രചരിപ്പിച്ചു. സാമ്പത്തിക സഹായം നൽകുന്നതിന് അർഹതയുള്ളവരെ കണ്ടെത്താനാണ് മോഹൻദാസ് ജോലിക്കാരെ നിയമിച്ചത്.

വീടുകൾ തോറും കയറിയിറങ്ങി വിവരങ്ങൾ ശേഖരിക്കയായിരുന്നു ജോലി. നിരവധി ആളുകൾ ജോലിക്കു ചേർന്നു. രണ്ടു മാസത്തോളം ജോലി ചെയ്യുകയും ചെയ്തു. പക്ഷേ ആർക്കും ശമ്പളം കിട്ടിയില്ല. അതോടെ സംശയമായി. ചിലർ പോലീസിൽ പരാതി കൊടുത്തു. വിവരമറിഞ്ഞ് മോഹൻദാസ് മുങ്ങി. ജോലിക്കാരുടെ സർട്ടിഫിക്കറ്റുകളും മറ്റും ഇയാൾ വാങ്ങി വെച്ചിരുന്നതുകൊണ്ട് പലരും വിഷമത്തിലണ്.

തമിഴ്നാട്ടിൽ ഇത്തരം തട്ടിപ്പ് നടത്തി മുൻപരിചയമുള്ള ആളാണ് മോഹൻദാസ് എന്ന് അറിയാൻ കഴിഞ്ഞു. ദൈവവേല, സുവിശേഷം, ജീവകാരുണ്യ പ്രവർത്തനം എന്നൊക്കെ പറഞ്ഞു വരുന്നവരെ കണ്ണടച്ച് വിശ്വസിച്ചാൽ ഇതാകും ഫലം.

# കെ.പി.യോഹന്നാനും ജ്ഞാനപ്രകടനരോഗം

അറിഞ്ഞുകൂടാത്ത വിഷയങ്ങളേക്കുറിച്ച് വിഡ്ഢിത്തം പ്രസംഗിച്ച് കുഴപ്പത്തിൽ ചാടുന്ന കാര്യത്തിൽ കെ.പി.യോഹന്നാനും പിന്നിലല്ലെന്ന് ഈയിടെ തെളിഞ്ഞു. കെ.പി.യോഹന്നാൻ തിരുവല്ലയിലെ സെമിനാരിയിലോ മറ്റോ നടത്തിയ ഒരു പ്രസംഗം ഈയിടെ ഗോഡ് ചാനലിൽ കണ്ടു. ഈ പ്രസംഗത്തിലാണ് വിവരക്കേട് എഴുന്നെള്ളിച്ചത്.

യിസ്രായേൽ ജനം മിസ്രയീമിൽ അടിമവേല ചെയ്ത കാര്യം കെ.പി.യോഹന്നാൻ വിവരിച്ചു. ചില തലമുറകൾ ഇങ്ങനെ അടിമകളായി ജോലി ചെയ്തു കഴിഞ്ഞപ്പോൾ യിസ്രായേൽ ജനത്തിന് അടിമത്തത്തിന്റെ ക്രോമസോം ലഭിച്ചു എന്നാണ് കെ.പി.യോഹന്നാൻ കണ്ടുപിടിച്ചത്. ഡാർവ്വിനെ കടത്തി വെട്ടുന്ന കണ്ടുപിടുത്തമായിപ്പോയി ഇത്.

ആർജ്ജിത ഭാവങ്ങളിൽ തലമുറകളിലേക്ക് പകരപ്പെടുകയില്ല എന്ന് തെളിഞ്ഞിട്ട് കാലം കുറെ ആയി. പക്ഷേ കെ.പി. യോഹന്നാനേപ്പോലുള്ള മഹാൻമാർ ഇതൊന്നും അറിഞ്ഞിട്ടില്ല. ക്രോമസോം, ജീൻ എന്നൊക്കെ തലങ്ങും വിലങ്ങും പറഞ്ഞാൽ ഒന്നാംതരം സയൻസായി എന്നാണ് ഇത്തരക്കാരുടെ ധാരണ. ചെയ്യുന്ന ജോലിക്കനുസരിച്ച് മനുഷ്യന്റെ ക്രോമസോം മാറുകയില്ല എന്ന് ഇനിയെങ്കിലും ഡാക്കിട്ടർ കെ.പി.യോഹന്നാൻ മനസ്സിലാക്കിയാൽ നന്ന്.

# ആമോസ് സിംഗ് വീണ്ടും വിവരക്കേട് പറയുന്നു

വിവരക്കേട് പറയുന്ന കാര്യത്തിൽ കെ.എ.ഏബ്രഹാമിനെ കടത്തി വെട്ടുന്ന വിദ്വാനാണ് ആമോസ് സിംഗ്. പക്ഷേ ചുക്കും ചുണ്ണാമ്പും തമ്മിൽ തിരിച്ചറിയാൻ കഴിവില്ലാത്ത പെന്തക്കോസ്തുകാർ ഈ ചങ്ങാതിയെ ചുമന്നുകൊണ്ടു നടക്കുന്നു.

ഐ.പി.സി നോർത്തേൺ റീജിയന്റെ കൺവെൻഷനിൽ ആമോസിംഗ് പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: ലൂസിഫർ ആദ്യം മൂന്നാം സ്വർഗ്ഗത്തിലായിരുന്നു. പാപം ചെയ്തപ്പോൾ ദൈവം അവനെ അവിടെനിന്നും ഇറക്കിവിട്ടു വാതിൽ അടച്ചു. ആദം പാപം ചെയ്തപ്പോൾ ലൂസിഫർ വീണ്ടും മൂന്നാം സ്വർഗ്ഗത്തിൽ കയറി. പക്ഷേ യേശു കാൽവറിയിൽ മരിച്ചപ്പോൾ ആദം തുറന്ന ആ വാതിൽ വീണ്ടും അടഞ്ഞു. അതുകൊണ്ട് സാത്താന് ഇപ്പോൾ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുന്നില്ല.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ കൺവെൻഷനിലാണ് ഇയാൾ ഈ വിഡ്ഢിത്തമൊക്കെ എഴുന്നെള്ളിച്ചത്. ആരും എതിർത്ത് ഒരു വാക്കുപോലും പറഞ്ഞില്ല. അപ്പത്തോലനാണെന്ന് അവകാശപ്പെടുന്ന കെ.റ്റി.തോമസ് ഇതെല്ലാം കേട്ടുകൊണ്ട് സ്റ്റേജിൽ ഇരുപ്പുണ്ടായിരുന്നെങ്കിലും ഇത് ദുരുപദേശമാണെന്ന് തിരിച്ചറിഞ്ഞുമില്ല. പെന്തക്കോസ്ത് ഇപ്പോൾ എവിടെ നിൽക്കുന്നു എന്നതിന് ഇതിൽക്കൂടുതൽ തെളിവെന്തിന്?

# ക്രൈസ്തവചിന്തയിൽ സർവ്വം യു.കെ മയം

സാമാന്യം നിലവാരമുള്ള ഒരു പത്രമായിരുന്നു അടുത്ത കാലംവരെ ക്രൈസ്തവചിന്ത. പക്ഷേ കഴിഞ്ഞ ചില മാസങ്ങളായി ഈ പത്രം വെറും തറയായി മാറി. വായിക്കാൻ ഒന്നുമില്ലാത്ത സ്ഥിതി.

നവംബർ ലക്കം അറുവഷളായിരുന്നു എന്ന് ദു:ഖത്തോടെ പറയട്ടെ. ആകെ യു.കെ മയം. ഈ ഭൂലോകത്ത് യു.കെ എന്നൊരു രാജ്യമല്ലാതെ മറ്റൊന്നും ഇല്ലെന്നു തോന്നും നവംബർ ലക്കം വായിച്ചാൽ. പ്രധാന വാർത്തകളെല്ലാം യു.കെയുമായി ബന്ധപ്പെട്ടത്. പരസ്യം പോലും യു.കെ തന്നെ.

റസ്സൽ യു.കെയിൽ ആയതുകൊണ്ടാണ് പത്രത്തിലും ഇങ്ങനെ യു.കെ വന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. പത്രാധിപരുടെ സഞ്ചാരത്തിനനുസരിച്ച് പത്രത്തിലെ വിഭവവും മാറുമെങ്കിൽ ക്രൈസ്തവചിന്ത ഏറെ താമസിയാതെ ക്രൈസ്തവചന്ത ആകും എന്ന് അറിഞ്ഞാൽ നന്ന്.

# ബിലീവേഴ്സ് ചർച്ചിൽ കൊഴിഞ്ഞുപോക്ക് തുടരുന്നു

ബിലീവേഴ്സ് ചർച്ചിൽ വെഷപ്പൻമാരുടെ എണ്ണം പെരുകിയതോടെ ദൈവമക്കളുടെ കൊഴിഞ്ഞുപോക്കിന് ആക്കം കൂടി. വയറ്റിൽപ്പിഴപ്പ് മാത്രം ലക്ഷ്യമായുള്ള കുറെ പാസ്റ്റർമാരും പോകാൻ മറ്റ് സ്ഥലമില്ലാത്ത കുറെ വിശ്വാസികളും മാത്രമേ ഒടുവിൽ ഉണ്ടാകൂ.

ആത്മാവിൽ ആരംഭിച്ച് ജഡത്തിൽ അവസാനിപ്പിച്ചു എന്ന് പറയുന്നത് കെ.പി. യോഹന്നാനെ സംബന്ധിച്ച് തികച്ചും ശരിയാണ്. നല്ല ഉദ്ദേശ്യത്തോടെ ആരംഭിച്ചെങ്കിലും അപ്രമാദിത്വം എന്ന രോഗം തലക്കു പിടിച്ചതോടെ കെ.പി.യോഹന്നാന് വഴി തെറ്റുകയായിരുന്നു. താൻ ചെയ്യുന്നതെല്ലാം ശരിയാണ് എന്ന തോന്നലിൽ നിന്ന് മോചനം പ്രാപിക്കാൻ കെ.പിക്ക് കഴിഞ്ഞില്ല. അങ്ങനെ ദൈവദാസൻമാർ ഒന്നൊന്നായി വിട്ടുപോയി. ജേക്കബ് ടി. ആന്റണി കൂടി വിട്ടുപിരിഞ്ഞതോടെ കെ.പി.യോഹന്നാന്റെകൂടെ കുറെ സ്തുതിപാഠകർ മാത്രം അവശേഷിച്ചു. അവരാണ് ഇന്നത്തെ നിലയിൽ കെ.പി.യോഹന്നാനെ എത്തിച്ചത്. ഇത്രയുമൊക്കെ ആയിട്ടും കെ.പിക്ക് തെറ്റ് തിരിച്ചറിയാൻ കഴിയുന്നുമില്ല.

# പെരുമ്പെട്ടി പ്രശ്നം തിരുവനന്തപുരത്തേക്ക്

പെരുമ്പെട്ടിയിലെ ഊരാക്കുടുക്ക് അഴിക്കാൻ ഐ.പി.സി ഭാരവാഹികൾ തിരുവനന്തപുരത്തേക്ക് പോകുന്നത്രേ. ആഭ്യന്തര മന്ത്രിയായ കോടിയേരി ബാലകൃഷ്ണനെ സാധീനിച്ച് കാര്യം സാധിക്കാനാണ് പദ്ധതിയെന്നും കേട്ടു.

പോലീസിന്റെ സഹായത്തോടെ പാസ്റ്റർ ഏബ്രഹാം ഷാജിയെ പാഴ്സനേജിൽ നിന്ന് ഇറക്കി വിടാനാണ് നേതാക്കൻമാർ പദ്ധതിയിടുന്നത്. ഐ.പി.സി നേതാക്കൻമാരെ മന്ത്രി സഹായിച്ചാൽ പെന്തക്കോസ്തുകാരുടെ വോട്ട് മന്ത്രിയുടെ പാർട്ടിക്ക് കൊടുക്കാമെന്നു പറഞ്ഞ് കാര്യം സാധിക്കാനാണ് പരിപാടി. നേതാക്കൻമാർ പറയുന്നത് വിശ്വസിച്ച് മന്ത്രി ഉത്തരവിറക്കുമോ എന്ന് പറയാറായിട്ടില്ല. ഏതായാലും ഐ.പി.സി നേതാക്കൻമാരുടെ ആത്മീയത അസ്സലായിരിക്കുന്നു.






# Morris Cerullo, A Man of God or a Fraud?



Morris Cerullo is an ordained Assembly of God Minister and Healing Evangelist. His personal ministry mansion and two-storey home is over 12,000 sq ft. It is behind two secured gates in the richest neighbourhood in America and has been estimated at over $12 million. Mr Cerullo and his wife are the only two that live there, and report that they are on the foreign field 70% of the time... what a waste of God's money!

Morris Cerullo's sky limousine, a Gulstream G4, is estimated to be worth $50 million. He has two full-time pilots and a stewardess who said in depositions that the plane has a gold-plated interior. He has had three similar private jets since.

Morris Cerullo claims to be a miracle maker, but he is under investigation for being a money taker. John Paul Warren, a former Senior Executive with Morris Cerullo World Evangelism (MCWE) has filed a lawsuit claiming he was ousted from the MCWE organization after confronting Cerullo about "unethical and fraudulent fund-raising techniques." This is the second such lawsuit against Cerullo. Warren, who is a highly respected, third-generation, ordained Assemblies of God Minister, filed his suit in May of 2000 in San Diego County Superior Court. He is represented by attorneys Dean Broyles and Tim Rutherford of San Diego, and Hunter Lundy, based in Lake Charles, Louisiana. Lundy successfully represented Marvin Gorman in his suit against televangelist Jimmy Swaggart in 1991, which resulted in a large verdict against Swaggart."

Cerullo refers to himself as `Dr. Cerullo,' although he does not have any degree earning him this title," says Lundy. "He runs MCWE from offices in San Diego, which he calls `mission control,' but he does not serve as the minister of any physical church or congregation." Cerullo raised millions of dollars and bought the defunct PTL Network, theme park and conference grounds from bankruptcy court after Televangelist Jim Bakker's career ended when he was convicted and sent to federal prison for fraud."

Cerullo purports to have first met God at the age of eight. Since then, his life has apparently been one unbelievable experience after another," says Lundy. "He says he was led out of a Jewish orphanage by two angelic beings; transported to heaven for a face- to-face meeting with God; has the ability to predict the future; can heal the sick; and has told audiences when they look at him they `are looking at God.' He also asks them to `give me your pocket books.' "

According to Broyles, Cerullo's primary focus is raising millions of dollars in the name of God to support his own personal lavish lifestyle both overseas and in the United States. He says, "The victims of Cerullo's tactics and the source of his millions are the elderly, widows and poor here in the United States as well as in distressed third world nations." Broyles says Cerullo's fundraising tactics include direct solicitations, prayer rallies, the sale of videotapes, prayer networks, television marketing and mail campaigns, among others, all of which are based upon misrepresentations and false promises.

Warren, who has first-hand knowledge of MCWE operations, says, "Cerullo made countless promises to his donors he never intended to keep. He would raise money for popular projects that would generate extraordinary donor support, then never do the project, but keep the money." Warren says shortly after moving to San Diego to assume the leadership of MCWE he discovered that Cerullo used the charitable status of MCWE to personally profit. "Cerullo merchandises the gospel for his own personal wealth," says Warren. Warren has asked Cerullo to repent for his deceptive fundraising practices and to return millions to his donors, but Cerullo refused.

Cerullo's son, David Cerullo, runs the former PTL Network, now known as the Inspiration (INSP) Network based in North Carolina, which serves as a primary medium for disseminating Cerullo's solicitation programs and generating names for future fundraising efforts. "Neither Cerullo's MCWE nor his Inspiration Network are financially accountable to any group," says Rutherford. "In fact, Cerullo, his son David and his wife Theresa are all members of MCWE's board of directors."

Warren's attorneys say their sources report 70% of Cerullo's income comes from profit-oriented business activities as opposed to the non-profit activities dictated by his tax- exempt status.

"Cerullo lives in plush comfort in a multi-million dollar mansion behind two security gates on a luxurious estate in the exclusive Ranch Sante Fe neighbourhood, purported to be the richest neighbourhood in the country. MCWE owns and controls numerous business properties, several luxury automobiles and a gold-plated private jet. He is reported to have personally estimated his net worth at 100 million dollars. Does this sound like the lifestyle of a minister of the gospel?" asks Lundy.

Attorneys say trouble seems to be following Cerullo and his MCWE ministry. Numerous former employees have reported possible criminal violations to the Internal Revenue Service, U.S. Customs and the U.S. Postal Inspector. Cerullo has been banned from television in Great Britain unless he can authenticate the miracles he supposedly performs, and the Jewish community has protested what they call his underhanded attempts to convert practising Jews to Christianity. In addition, many established, respected religious organizations have distanced themselves from Cerullo and MCWE.Attorneys in this case are deeply concerned that Cerullo's fundraising practices are harmful, especially to the elderly. Earlier this year, Superior Court Judge Linda B. Quinn denied a motion by Cerullo to dismiss Warren's claims. Cerullo appealed Judge Quinn's ruling. He sought immunity from litigation under the First Amendment to the Constitution. The appeal was to be heard in the Superior Court of Appeals of the State of California at the San Diego County Courthouse at 9am on November 14.

By all accounts, the hearing went well for Cerullo's opponents. Cerullo himself was present with his wife to witness the proceedings. Rather than answer the charges, Cerullo is trying to hide behind the first amendment that states that ministers cannot go to court against one another. The Appeals court will give a ruling within the next 90 days.

John Paul Warren, Cerullo's antagonist, is determined that Cerullo be exposed to the Christian community for his actions. He says he tried for nearly two years to get Cerullo to submit to Church leadership for correction, but predictably Cerullo refused. He says he travelled with Cerullo throughout the world and witnessed his actions first hand. He asked Cerullo to return millions of dollars to the donors, but predictably Cerullo refused. So Warren felt he had no other choice but to take him to court.

The Appellate Court of the State of California ruled Jan 3, 2002 that Cerullo, whose Morris Cerullo World Evangelism (MCWE) is based in San Diego, had immunity from litigation under the First Amendment, which precludes the courts from getting involved in the internal disputes of religious groups. MCWE said that the allegations are "100 percent without merit" — cited the ministerial exemption when it sought a preliminary judgment dismissing Warren's claims. That motion was rejected, but the appeals court upheld it in its December ruling.

Claiming that God was directly speaking through him, Cerullo uttered, "Would you surrender your pocketbooks unto Me, saith God, and let me be the Lord of your pocketbooks....Yea, so be thou obedient unto my voice." (Morris Cerullo, "A Word from God at the Deeper Life World Conference," Deeper Life, March 1982, 15.)

Recently Charisma Magazine out of Lake Wales, owned by Stephen Strang, a graduate of Oral Roberts University and whose room mate there was a Strader, reported that Assembly of God Evangelist Morris Cerullo Faces 'Fraud' Lawsuit: (Strang along with Pastor Karl Strader sits on the board of Regents of Oral Roberts University)

Ex-employee alleges donors were defrauded. Assembly of God Evangelist Morris Cerullo is being sued by a former employee who has accused the San Diego, Calif.-based ministry leader of defrauding donors.

The suit has been filed by John Paul Warren, an Assemblies of God (AG) minister who served as an executive at Morris Cerullo World Evangelism (MCWE) headquarters for 18 months, until he was fired in October 1999. It is expected to go to trial in June. Filed last May, Warren's claims include fraud, violation of the California Labor Code and misuse of Warren's confidential 5,000-name mailing list. Cerullo himself has said that he cannot comment on the allegations until the suit is resolved, but the MCWE board of directors said in a statement the charges were "100 percent without merit."

In the lawsuit, filed in San Diego Superior Court, Warren alleges that Cerullo persuaded him to join MCWE by promising he would become Cerullo's "partner," "second in command," and eventual "successor." As a result, Warren says, he gave up ministries he had founded in northern California and turned his donor database over to MCWE.

But the promises "never materialized nor were they ever intended to," says the suit. It also claims that during Warren's travel with Cerullo, he became concerned about "unethical and fraudulent fundraising techniques." He cites the promise of satellite dishes - which he says were never given - to donors making a $1,500 gift to the ministry.

Rick Towne, an attorney representing Cerullo, said that MCWE had made it clear to donors that the dish offer was contingent on negotiations with system providers and that the offer had been handled legally.

Warren's suit also claims that an AG church in Oregon reversed its decision to hire him after learning of his lawsuit against Cerullo. Warren alleges that MCWE officials' interference damaged his relationship with the AG and affected his future job prospects.

The MCWE board statement said that prior to filing his lawsuit, Warren had demanded $2.2 million not to sue. He had been asked to submit his grievances to binding Christian arbitration, but refused. Warren said he would go to nonbinding arbitration if MCWE paid all expenses, the board said.

Another suit against Cerullo was recently settled out of court. Harry Turner, a MCWE vice president who resigned in November 1999, said that the agreement prevented him from revealing the amount of the settlement. According to a letter on court file, Turner's attorney had asked for $800,000 to settle "short of litigation." Turner's list of grievances against Cerullo included allegations of lies and fraud by Cerullo to his donors.

Davis Frast, a public information officer and postal inspector with the Postal Inspection Service, said that his agency had received complaints about Cerullo's ministry and that it was in the first stages of an investigation.

Back in the 90's Assembly of God Evangelist Morris Cerullo had a telethon on national telethon with a special guest Robert Tilton. The purpose was to collect money to buy back Jim Bakker's Heritage USA, the Christian theme park in Fort Mill, South Carolina, founded by Jim Bakker. In the 1980s, Heritage USA attracted 6 million visitors annually and employed more than 2,000 people.

Evangelist Cerullo was successful in his undertaking and the park stayed opened for a few years but nevertheless closed its door closed November 30, 1997. But unknown to most people was the fact that Morris Cerullo undertook this venture because the number one boss of the Assembly of God denomination Thomas E. Trask asked him to do it. The Assembly of God denomination through its different superintendents was a driving and controlling force behind Jim Bakker's PTL Club.

Jeffrey K. Hadden, professor of sociology at the University of Virginia at Charlottesville reported that 'A little-known clause in the Heritage USA charter bequeaths the entire kingdom to the Assemblies of God in the event that Jim and Tammy were not able to reign?"

Karl Strader has gone on record to state that I was one of those who helped him build PTL,", "and I never did know what he did wrong, frankly. And if he did do something wrong, I forgive him, and I know everybody else here forgives him," said After getting out from prison Baker once spoke at Carpenter's Home church and said Strader's wife, Joyce, wrote him a letter once a week while he was in prison.

**(Con.......... Page - 8)**

# കെ.എ.ഏബ്രഹാമിന് തെറ്റിയതെവിടെ?

പെന്തക്കോസ്തിലെ പ്രധാന പ്രസംഗകരിൽ ഒരാളാണ് കെ.എ.ഏബ്രഹാം. പക്ഷേ വായ് തുറന്നാൽ മണ്ടത്തരമേ പറയൂ. മിനിട്ടിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിനാണ് വിവരക്കേട് എഴുന്നെളളിക്കുന്നത്. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും വിവരമില്ലാത്തതുകൊണ്ട് പ്രശ്നമുണ്ടാകുന്നുമില്ല.

എന്തുകൊണ്ടാണ് കെ.എ.ഏബ്രഹാം ഇങ്ങനെ വിഡ്ഢിത്തം വിളമ്പുന്നത്? അല്പം ഗവേഷണം നടത്തിയാൽ മാത്രമേ കാര്യം പിടികിട്ടൂ.

ദൈവവചനത്തിൽ ഉള്ള കാര്യങ്ങൾ നേരേചൊവ്വേ പറഞ്ഞാൽ കുഴപ്പമുണ്ടാകുകയില്ല. പക്ഷേ ''ദൈവവചനത്തിൽ ഉള്ള കാര്യം പറയാനാണെങ്കിൽ പ്രസംഗകൻ എന്തിന്? ബൈബിൾ വായിച്ചാൽ പോരേ?'' ഇതാണ് കെ.എ.ഏബ്രഹാമിന്റെ ചോദ്യം. ഈ ചങ്ങാതിക്ക് തെറ്റാൻ തുടങ്ങിയത് ഇവിടം മുതലാണ്. ദൈവവചനം വ്യാഖ്യാനിക്കുക, പ്രസംഗിക്കുക എന്നൊക്കെ പറഞ്ഞാൽ വചനത്തിൽ ഇല്ലാത്ത കാര്യങ്ങൾ ഭാവനയിൽ കണ്ട് പറയുക എന്നാണ് അർത്ഥം എന്നത്രേ കെ.എ.ഏബ്രഹാം ധരിച്ചു വെച്ചിരിക്കുന്നത്. ഇത്തരക്കാരെ തിരുത്താൻ ബുദ്ധിമുട്ടാണ്.

ഫിലിപ്പോസ് ഷണ്ഡന് ദൈവവചനം വ്യാഖ്യാനിച്ചുകൊടുത്തു. യെശയ്യാവിന്റെ പ്രവചനത്തിൽ മറഞ്ഞിരുന്ന കാര്യങ്ങൾ ഷണ്ഡന് വെളിവാക്കിക്കൊടുക്കുകയാണ് ഫിലിപ്പോസ് ചെയ്തത്. പത്രോസ് പെന്തക്കോസ്ത് നാളിൽ നടത്തിയ പ്രസംഗവും ശ്രദ്ധേയമാണ്. യോവേലിന്റെ പ്രവചനത്തിൽ മറഞ്ഞിരുന്ന കാര്യങ്ങൾ വെളിവാക്കിക്കൊടുക്കുകയാണ് പത്രോസ് ചെയ്തത്. ദൈവവചനത്തിൽ നിന്ന് ഒരു വാക്യം വായിച്ചിട്ട് കുറെ കിഴവിക്കഥ പറഞ്ഞാൽ സുവിശേഷ പ്രസംഗം ആയി എന്നാണ് കെ.എ.ഏബ്രഹാമിന്റെ ധാരണ. അതുകൊണ്ടാണ് പമ്പര വിഡ്ഢിത്തം സുവിശേഷമെന്ന നിലയ്ക്ക് ഈ വിദ്വാൻ പ്രസംഗിക്കുന്നത്.

മൂക്കാതെ പഴുക്കുക എന്ന് കേട്ടിട്ടില്ലേ. അതാണ് കെ.എ.ഏബ്രഹാമിന്റെ സ്ഥിതി. ദൈവ വചനം വസ്തുനിഷ്ഠമായി പഠിച്ചിട്ട് പ്രസംഗിക്കേണ്ടതിനു പകരം കെ.എ.ഏബ്രഹാം ആദ്യം പ്രസംഗകനാകുകയും പിന്നീട് ദൈവവചനത്തിൽ നിന്ന് എന്തൊക്കെയോ പഠിക്കയുമാണ് ചെയ്തത്. അത്യുഗ്രൻ പ്രസംഗകൻ എന്ന പേര് ലഭിച്ചതിനുശേഷം പഠിക്കാൻ ശ്രമിച്ചതുകൊണ്ട് കാര്യമായി ഒന്നും പഠിച്ചില്ല. അങ്ങനെ വിവരക്കേട് പ്രസംഗിക്കുന്നത് സ്ഥിരം പരിപാടിയായി. ലോക പ്രസിദ്ധ പ്രസംഗകനെ ചോദ്യം ചെയ്യാൻ മിക്കവർക്കും ധൈര്യം വന്നില്ല. അങ്ങനെ കെ.എ.ഏബ്രഹാം വിവരക്കേടിന്റെ പര്യായമായി മാറി.

പാണ്ഡിത്യ പ്രകടനം നടത്തി ആളുകളിക്കാനുള്ള ശ്രമവും കെ.എ.ഏബ്രഹാമിന് വിനയായി. അറിഞ്ഞുകൂടാത്ത വിഷയങ്ങളേക്കുറിച്ച് പറഞ്ഞതെല്ലാം



വിവരക്കേടായി. സൂര്യനിൽ ഹീലിയം കത്തിക്കൊണ്ടിരിക്കയാണെന്നും മരത്തിൽക്കൂടി സലൈവ ഒഴുകുന്നെന്നും ഒക്കെ പറയാനിടയായത് ഇങ്ങനെയാണ്. താൻ വലിയ പണ്ഡിതനാണെന്ന് ജനത്തെ ധരിപ്പിച്ച് ഞെളിയുക എന്നതിൽ കവിഞ്ഞ ഒരു ഉദ്ദേശ്യവും ഇതിന്റെ പിന്നിലില്ല.

പോൾ ഗോപാലകൃഷ്ണനും ഇത്തരം ഒരു രോഗമുണ്ട്. വെറും ആറാംക്ലാസ്സാണ് പോൾ ഗോപാലകൃഷ്ണന്റെ വിദ്യാഭ്യാസം. പക്ഷേ തനിക്കറിഞ്ഞുകൂടാത്ത ഒരു കാര്യവും സൂര്യനു കീഴിൽ ഇല്ല എന്ന് വരുത്തിത്തീർക്കാൻ ഇദ്ദേഹം ശ്രമിക്കും. പക്ഷേ പറയുന്നതിൽ നല്ലൊരു പങ്ക് വിഡ്ഢിത്തമായിരിക്കും. കെ.എ.ഏബ്രഹാം പോൾ ഗോപാലകൃഷ്ണനെ അനുകരിച്ചാണ് സയൻസും ചരിത്രവും ഒക്കെ പ്രസംഗിക്കുന്നത്.

തമാശ പറഞ്ഞും മിമിക്രി കാണിച്ചും ജനത്തെ ചിരിപ്പിക്കുന്നത് അതിമഹത്തായ കാര്യമാണെന്ന് കെ.എ.ഏബ്രഹാം ധരിക്കുന്നു. അതിനുള്ള വക കണ്ടെത്താനായി ഇദ്ദേഹം മിമിക്രി കാസറ്റുകളും ഫലിതബിന്ദുക്കളും മന:പാഠമാക്കുന്നു. ഇതൊക്കെ കേട്ട് ചിരിക്കാനും അഭിനന്ദിക്കാനും ആളുണ്ടാകും എന്നതിന് സംശയമില്ല. പക്ഷേ ദൈവവചനം പ്രസംഗിക്കുന്നതിനിടയിൽ മിമിക്രി കാണിക്കുന്നത് അങ്ങേയറ്റം അപലപനീയമായ പ്രവൃത്തിയാണ് എന്ന് പറയാതെവയ്യ.

എല്ലാം അറിയാം എന്ന ഭാവമുള്ളവർക്ക് പുതുതായി ഒന്നും പഠിക്കാൻ പറ്റില്ല. കെ.എ.ഏബ്രഹാം ഇന്ന് ഇത്തരം ഒരു സ്ഥിതിയിലാണ്. പഠിച്ചു വെച്ചിരിക്കുന്നതെല്ലാം ശരിയാണെന്ന് കരുതുന്നതുകൊണ്ട് വിവരക്കേട് പറയാൻ ശങ്കയുമില്ല. ''നിങ്ങൾ പറയുന്നത് തെറ്റാണ്'' എന്ന് ആരെങ്കിലും പറഞ്ഞാൽ കെ.എ.ഏബ്രഹാമിന്റെ തനി സ്വരൂപം വെളിപ്പെടും. ''ഞാൻ ആയിരക്കണക്കിന് സ്റ്റേജുകളിൽ ഇത് പ്രസംഗിച്ചിട്ടുണ്ട്. എല്ലാവരും അഭിനന്ദിച്ചിട്ടേയുള്ളൂ. നിങ്ങൾ ഒരാൾ ഇത് തെറ്റാണെന്ന് പറയുന്നു. ഞാൻ ഏതാണ് അംഗീകരിക്കേണ്ടത്?''

ആയിരക്കണക്കിന് ആളുകൾ അംഗീകരിച്ചതുകൊണ്ട് ഒരു വിഡ്ഢിത്തം ശാസ്ത്രസത്യമാകുകയില്ല. സൂര്യനിൽ ഹീലിയം കത്തുന്നു എന്ന് കെ.എ.ഏബ്രഹാം എത്രവട്ടം പറഞ്ഞാലും അത് സത്യമാകുകയില്ല. എത്ര വ്യാഖ്യാനിച്ചാലും ഇന്ത്യാക്കാരെ എച്ചിലാക്കാനും പറ്റില്ല. എത്രപേർ അംഗീകരിക്കുന്നു എന്നു നോക്കിയല്ല ഒരു സിദ്ധാന്തം സത്യമാണോ എന്ന് പരിശോധിക്കുന്നത്.

അഹങ്കാരത്തിന്റെ ആൾരൂപമാണ് ഇന്നത്തെ കെ.എ.ഏബ്രഹാം. പ്രസംഗത്തിനിടയിൽ ഇദ്ദേഹം കാണിക്കുന്ന ഗോഷ്ടികൾ സഹിക്കാൻ അസാമാന്യ സഹനശക്തിവേണം. അറിവിന്റെ നിറകുടമാണ് താൻ എന്നും തന്റെ വചനങ്ങളെല്ലാം മഹത്തരമാണെന്നും ഉള്ള ഭാവത്തിലാണ് പ്രസംഗം. വിദ്യാഭ്യാസമില്ലാത്ത പാവങ്ങൾ ഇതൊക്കെ കണ്ട് വണ്ടറടിക്കുമെങ്കിലും സാമാന്യ വിവരമെങ്കിലുമുള്ളവർക്ക് അറപ്പും വെറുപ്പുമാണ് തോന്നുക.

കെ.എ.ഏബ്രഹാമിന് തെറ്റുതിരുത്താൻ ഇനിയും അവസരമുണ്ട്. അതിന് എന്താണ് ചെയ്യേണ്ടതെന്നും പറയാം:

1. അഹങ്കാരം ഒഴിവാക്കുക. എന്തോ ആയി എന്ന തോന്നൽ വെറും തോന്നൽ മാത്രമാണ് എന്ന് അറിയുക. കെ.എ.ഏബ്രഹാം ഒരു ചുക്കും ആയിട്ടില്ല.
2. സർവ്വജ്ഞനാണെന്ന ഭാവം ഉപേക്ഷിക്കുക. ഇനി ഏറെ പഠിക്കാനുണ്ടെന്ന വസ്തുത മനസ്സിലാക്കുക. പഠിക്കുക.
3. അറിഞ്ഞുകൂടാത്ത കാര്യങ്ങൾ പ്രസംഗിക്കുന്നത് നിർത്തുക.
4. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കുക.
5. ദൈവവചനം വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്നും പഠിക്കുക.
6. തമാശകൾ ഒഴിവാക്കുക.
6. ആരെങ്കിലും തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ കോപിക്കരുത്. അവർ പറയുന്നത് ശ്രദ്ധിച്ചുകേട്ട് തെറ്റുകൾ തിരുത്തുക.

# കള്ളക്കേസ്സിന്റെ ഉള്ളുകള്ളികൾ

മയക്കുമരുന്നു കേസ്സിൽ കുടുക്കാൻ തക്ക വിരോധം കെ.സി.ജോണിനും മോഷണായിക്കും എൻ.എം.രാജുവിനോടുണ്ടായിരുന്നോ? ഉണ്ടായിരുന്നങ്കിൽ എന്താണ് കാരണം.

പെന്തക്കോസ്ത് ദൈവശാസ്ത്രം എന്ന പുസ്തകത്തിന്റെ എഡിറ്റിംഗ് നടക്കുന്ന കാലത്താണ് ഈ കഥ ആരംഭിക്കുന്നത്. മോഷണായിയുടെ ഭാര്യയായ സാലി അക്കാലത്ത് റീഡേഴ്സിൽ ജോലി ചെയ്തിരുന്നു. മോഷണായി ഭാര്യയുടെ കെയറോഫിൽ റീഡേഴ്സിൽ കയറിയിറങ്ങി നടക്കുകയും ചെയ്തിരുന്നു.

ദൈവശാസ്ത്രത്തിന്റെ എഡിറ്റിംഗിനായി കെ.സിജോൺ റീഡേഴ്സിൽ പതിവായി എത്തിയിരുന്നു. സാലിയുമായുള്ള നിരന്തര സമ്പർക്കം ഏറെ താമസിയാതെ വഴിവിട്ടു. പക്ഷേ റീഡേഴ്സിന്റെ ഓഫീസിൽ ഇരുന്ന് സാലിയുമായി ഒരു അതിരിൽ കൂടുതൽ അടുക്കാൻ പറ്റില്ലെന്ന് കെ.സി.ജോണിന് മനസ്സിലായി. വളരെ ആലോചിച്ച് കെ.സി.ജോൺ ഒരു പോംവഴി കണ്ടെത്തി. മോനായിക്ക് സ്വന്തമായി ഒരു ബുക്ക് സ്റ്റാൾ ഉണ്ടായാൽ കാര്യം എളുപ്പമാകും.

അങ്ങനെ കെ.സി.ജോൺ മോനായിയെ പറഞ്ഞ് വശത്താക്കി. മറ്റുള്ളവർ എഴുതിയ ലേഖനങ്ങൾ ശേഖരിച്ച് മോനായി സ്വന്തമെന്ന വ്യാജേന ഉപവാസത്തേക്കുറിച്ചുള്ള പുസ്തകമാക്കിയത് ഈ കാലത്തായിരുന്നു. മോഷണം പിടിക്കപ്പെട്ടതോടെ മോനായിക്ക് പൊതുജനം മോഷണായി എന്നൊരു പേര് ചാർത്തിക്കൊടുക്കുകയും ചെയ്തു. പുസ്തകം പ്രസിദ്ധീകരിച്ചത് റീഡേഴ്സ് ആയിരുന്നു. മോഷ്ടിച്ച പുസ്തകം പ്രസിദ്ധീകരിച്ച വകയിൽ റീഡേഴ്സിനുണ്ടായ നാണക്കേടിന്റെ കാരണക്കാരൻ എന്ന നിലയിൽ എൻ.എം.രാജുവിന് മോനായിയോട് നീരസം തോന്നി. റീഡേഴ്സ് വിടാനുള്ള തീരുമാനം മോനായി എടുത്തതതിന്റെ പിന്നിൽ ഈ സംഭവവും ഉണ്ട്. പണക്കാരനായ മറ്റൊരാളുമായി ചേർന്ന് മോനായി റീമാ ബുക്ക് സ്റ്റാൾ തുടങ്ങാൻ ഇടയായത് ഇങ്ങനെയാണ്.

ആദ്യ കാലത്ത് റീമാ തിരുവല്ല ഫെഡറൽ ബാങ്കിന് സമീപമുള്ള ഒരു കെട്ടിടത്തിന്റെ മുകളിലുള്ള നിലയിലാണ് പ്രവർത്തിച്ചിരുന്നത്. എ.സി. ഉണ്ടായിരുന്നതിനാൽ കതക് സ്ഥിരമായി അടഞ്ഞു കിടക്കുകയും ചെയ്തിരുന്നു. കെ.സി.ജോണിന് ഇതിൽപ്പരം ഒരു സൗകര്യം ആവശ്യമില്ലല്ലോ. പക്ഷേ ഈ ഹണിമൂൺ ഏറെക്കാലം നീണ്ടുനിന്നില്ല. സംഗതിയൊക്കെ പങ്കുകാരന് താമസിയാതെ മനസ്സിലായി. അതോടെ അയാൾ പങ്ക് പിരിഞ്ഞു.

പങ്കുകാരന് കൊടുക്കാനുള്ള പണം ഉണ്ടാക്കാനായി മോനായി ഗൾഫിൽ പോയത് ഈ കാലത്താണ്. അതോടെ കെ.സി.ജോൺ റീമായിൽ സ്ഥിരതാമസമാക്കി. പുസ്തകം വാങ്ങാനായി വല്ലപ്പോഴും എത്തുന്ന രസംകൊല്ലികൾ ഒഴികെ ആരുടേയും ശല്യം കൂടാതെ ഇരുവരും വിളയാടി. (ഇന്ത്യാക്കാരുടേതെന്ന് ഇന്ത്യാക്കാരും ചൈനാക്കാരുടേതെന്ന് ചൈനാക്കാരും പറയുന്ന ഭൂപ്രദേശം എന്നൊക്കെ പറയുന്നതുപോലെ ഒരു ഉദരഫലം പിറ്റേ വർഷം ഉണ്ടായെന്ന കാര്യവും സാന്ദർഭികമായി പറയട്ടെ).

കെ.സി.ജോണിനെതിരെ ഈ കാലങ്ങളിൽ ഡിഫെൻഡർ ആഞ്ഞടിച്ചിരുന്നു. എങ്ങനെയെങ്കിലും ബാലന്റെ വായടച്ചില്ലെങ്കിൽ കാര്യം കുഴയും എന്ന് കെ.സി.ജോണിന് ബോദ്ധ്യമായി. പെന്തക്കോസ്ത് ഐക്യവേദി എന്ന ആശയം അങ്ങനെയാണ് കെ.സി.ജോണിന്റെ തലയിൽ ഉദിച്ചത്. എല്ലാ പെന്തക്കോസ്ത് സഭകളുടേയും നേതാക്കൻമാരെ കൂട്ടി ഐക്യവേദി ഉണ്ടാക്കുക. പെന്തക്കോസ്തുകാർക്ക് പൊതുവായുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കാനാണ് ഈ ഐക്യം എന്ന് പറഞ്ഞിരുന്നെങ്കിലും എല്ലാ പെന്തക്കോസ്ത് നേതാക്കൻമാരുടേയും സഹായത്തോടെ ബാലനെ പെന്തക്കോസ്തിൽ നിന്നും പുറത്താക്കുകയായിരുന്നു ലക്ഷ്യം.

ഐക്യവേദി ഉണ്ടാക്കിയ വാർത്തയും ബാലനെതിരെ ഐക്യവേദി പുറപ്പെടുവിച്ച പ്രസ്താവനയും എഴുതി ഉണ്ടാക്കി പെന്തക്കോസ്ത് പത്രങ്ങൾക്ക് അയച്ചത് സാലി ആയിരുന്നു. അവരുടെ കൈയ്യക്ഷരത്തിലായിരുന്നു അഡ്രസ്സും മറ്റും എഴുതിയിരുന്നതും. ഈ വിഷയം ചൂണ്ടിക്കാട്ടി ഡിഫെൻഡർ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയാൻ കഴിയാതെ കെ.സി.ജോണും സാലിയും കുഴഞ്ഞു. ബാലനെതിരെ യുദ്ധം ചെയ്യാനാണ് കെ.സി.ജോൺ ഐക്യവേദി ഉണ്ടാക്കിയതെന്ന വസ്തുത മനസ്സിലായതോടെ പെന്തക്കോസ്ത് നേതാക്കൻമാർ ഐക്യം മതിയാക്കി പിരിഞ്ഞു. ഒടുവിൽ കെ.സി.ജോൺ ബാലന്റെ കാലു പിടിച്ച് ക്ഷമ എഴുതിക്കൊടുത്ത് പ്രശ്നം അവസാനിപ്പിക്കുകയായിരുന്നു. (ആ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു).

ക്ഷമ ചോദിച്ചെങ്കിലും ബാലനോടുള്ള പക കെ.സി. ജോണിന്റെ ഉള്ളിൽ ആളി കത്തുകയായിരുന്നു. കെ.സി.ജോണിനെ മുട്ടു കുത്തിക്കാൻ എൻ.എം.രാജു ബാലന് സഹായം ചെയ്തു എന്നൊരു തെറ്റിദ്ധാരണ എങ്ങനെയോ കെ.സി.ജോണിന്റെ തലയിൽ കയറുകയും ചെയ്തു. അങ്ങനെയാണ് ബാലനേയും എൻ.എം.രാജുവിനേയും ഒന്നുപോലെ കുരുക്കാൻ പദ്ധതി ഒരുക്കിയത്.

റീഡേഴ്സിൽ നിന്ന് പിരിഞ്ഞ് റീമാ തുടങ്ങിയ മോനായിക്കും സാലിക്കും റീഡേഴ്സിനേക്കാൾ വലിയ ബുക്ക് സ്റ്റാൾ നടത്തണം എന്ന ആശ ഉണ്ടായത് സ്വാഭാവികം. എങ്ങനെയെങ്കിലും റീഡേഴ്സിനെ തകർക്കാതെ പറ്റില്ല എന്ന് അവർക്കു തോന്നി. അങ്ങനെയാണ് അവർ കെ.സിയുടെ പദ്ധതിയുമായി സഹകരിക്കാൻ തീരുമാനിച്ചത്.

നിരോധിക്കപ്പെട്ട പുസ്തകങ്ങൾ അച്ചടിച്ച് വിറ്റു, ബുക്ക് സ്റ്റാളിൽ ഗഞ്ചാവ് കച്ചവടം നടത്തി എന്നിങ്ങനെ രണ്ടു കുറ്റങ്ങൾ ആരോപിച്ച് എൻ.എം.രാജുവിനെ കേസ്സിൽ കുടുക്കാം. പുസ്തകം എഴുതിയ റ്റി.എസ്.ബാലനേയും അകത്താക്കാം. ഇതായിരുന്നു കണക്കുകൂട്ടൽ. പുസ്തകങ്ങളുടെ കുറെ കോപ്പികൾ റീഡേഴ്സിന്റെ പേരു വെച്ച് അടിക്കാനുള്ള ചെലവ് വഹിക്കാമെന്ന് കെ.സി.ജോൺ ഏറ്റു. അവ രഹസ്യമായി അടിപ്പിക്കുന്ന ജോലി മോനായി ഏറ്റെടുത്തു. പക്ഷേ ഇതൊന്നും നടപ്പിൽ വരുത്താനുള്ള ധൈര്യം ആർക്കും ഉണ്ടായില്ല. അതുകൊണ്ട് എൻ.എം. രാജുവും റ്റി.എസ്.ബാലനും കള്ളക്കേസ്സിൽ അകപ്പെടാതെ രക്ഷപ്പെട്ടു. ഈ ഗൂഢാലോചനയേപ്പറ്റി ആരും അറിഞ്ഞുമില്ല.

ഇപ്പോൾ ഈ കഥ പുറത്തുവന്നതെങ്ങനെ? അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. എങ്കിലും ഇത്രമാത്രം പറയാം: അന്ന് ഈ ഗൂഢാലോചനയിൽ ഉൾപ്പെട്ടിരുന്ന ഒരാളാണ് ഡിഫെൻഡറിന് ഈ വിവരങ്ങൾ തന്നത്. ഇതേപ്പറ്റി ഡിഫെൻഡർ വിശദമായ അന്വേഷണം നടത്തുകയും വാർത്ത സത്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതുകൊണ്ട് പ്രസിദ്ധീകരിക്കുന്നു.

(ഇങ്ങനെയൊന്നും നടന്നിട്ടില്ലെന്നും ഡിഫെൻഡർ കള്ളം പറയുകയാണെന്നും വാദമുണ്ടെങ്കിൽ കെ. സി.ജോണും മോഷണായിയും റ്റി.എസ്.ബാലനെതിരെ മാനനഷ്ടക്കേസ് കൊടുക്കാൻ ധൈര്യം കാണിക്കണം)

RNI No. 68089 / 97
2006 November 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

സാത്താൻ ഹവ്വയെ ഉപായത്താൽ ചതിച്ചു എന്ന് പൗലോസ് പറയുന്നു. സാത്താന്റെ ആയുധങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഉപായം. സ്നേഹഭാവത്തിൽ അടുത്തുകൂടി അവൻ ഹവ്വയുമായി സംസാരിച്ചു. ചതിക്കാനാണ് അവൻ എത്തിയതെന്ന് ഹവ്വ കരുതിയതേയില്ല. ആത്മീയ വിഷയങ്ങളാണ് സാത്താൻ സംസാരിച്ചത്. ദൈവത്തേപ്പോലെ ആകാനുള്ള വഴിയാണ് അവൻ ഉപദേശിച്ചത്. ദൈവത്തേപ്പോലെയാകുന്നത് തെറ്റാണെന്ന് പറയാനാവില്ലല്ലോ. ഗുരുവിനേപ്പോലെയാകുന്നത് ശിഷ്യന് മതി എന്ന് കർത്താവ് പറഞ്ഞിട്ടുമുണ്ട്. ഇങ്ങനെ നല്ല കാര്യങ്ങളൊക്കെ പറഞ്ഞ് സാത്താൻ ഹവ്വയെ ചതിച്ചു. സാത്താനും അവന്റെ ദാസൻമാരും ഇത്തരത്തിലുള്ള ചതി ഇന്നും തുടരുന്നു.

മരുപ്പച്ചയുടെ എഡിറ്ററും ഐ.പി.സിയുടെ കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗവുമായ അച്ചൻകുഞ്ഞ് ഇലന്തൂർ സാത്താന്റെ കയ്യിലെ ആയുധമാണ്. ഉപായത്തിലൂടെ അച്ചൻകുഞ്ഞ് ദൈവജനത്തെ ചതിച്ചുകൊണ്ടിരിക്കയാണ്. സംശയമുള്ളവർ മരുപ്പച്ചയുടെ നവംബർ 5 ലക്കം രണ്ടാം പേജിലുള്ള എഡിറ്റോറിയൽ വായിക്കുക.

പെന്തക്കോസ്ത് കൺവെൻഷനുകളിൽ രാഷ്ട്രീയക്കാരെ വിളിച്ചു വരുത്തി പ്രസംഗിപ്പിക്കുന്നതിനെതിരെ ഡിഫെൻഡർ എഴുതിയിരുന്നു. (ഡിഫെൻഡറല്ലാതെമറ്റൊരു പത്രവും ഈ ദുർന്നടപടിക്കെതിരെ എഴുതിയതായി അറിവില്ല). ഡിഫെൻഡറിന് മറുപടി പറയുന്നത് അച്ചൻകുഞ്ഞിന്റെ അന്തസ്സിന് ചേർന്നതല്ല. അതുകൊണ്ട് ഡിഫെൻഡറിന്റെ പേര് പറയാതെ ഈ വിഷയത്തേക്കുറിച്ച് അച്ചൻകുഞ്ഞ് എഴുതുകയാണ്.

പെന്തക്കസ്തുകാരുടെ കൺവെൻഷൻ നടക്കുന്നിടത്ത് രാഷ്ട്രീയക്കാരെ കയറ്റാനേ പാടില്ല എന്ന് ആരോ പറഞ്ഞു എന്ന ഭാവത്തിലാണ് അച്ചൻകുഞ്ഞ് പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ പാപികൾ രാഷ്ട്രീയക്കാരാണ് എന്നും ആരൊക്കെയോ വാദിക്കുന്നു എന്നു തോന്നും അച്ചൻകുഞ്ഞ് എഴുതിയിരിക്കുന്നത് വായിച്ചാൽ. പക്ഷേ ഇങ്ങനെയൊന്നും ആരും പറഞ്ഞതായി അറിവില്ല. ഏതായാലും ഡിഫെൻഡർ പറഞ്ഞിട്ടേയില്ല. രക്ഷിക്കപ്പെട്ടവർ സാത്താനെതിരെ നടത്തുന്ന യുദ്ധമാണ് ആത്മീയ യോഗങ്ങൾ. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവരെ ക്ഷണിച്ചുവരുത്തി ഈ യോഗങ്ങളിൽ പ്രസംഗിപ്പിക്കാൻ പാടില്ല. രാഷ്ട്രീയക്കാരോ സമുദായക്കാരോ നിരീശ്വരരോ ആരുതന്നെ ആയാലും രക്ഷിക്കപ്പെടാത്തവർക്ക് ആത്മീയ കൂട്ടായ്മയിൽ പ്രസംഗിക്കാൻ അനുവാദം കൊടുക്കരുത്. ഇതാണ് ഡിഫെൻഡർ പറയുന്നത്. പക്ഷേ അച്ചൻകുഞ്ഞ് ഈ പ്രശ്നം തന്ത്രപൂർവ്വം വളച്ചുതിരിച്ച് മറ്റൊന്നാക്കുന്നു.

അച്ചൻകുഞ്ഞ് പറയുന്നു:

''രാഷ്ട്രീയക്കാരും ഭരണകർത്താക്കളും അത്ര കുഴപ്പക്കാരാണോ? അവർ ആത്മീയ ശുശ്രൂഷകളിലോ സമ്മേളനങ്ങളിലോ പങ്കെടുത്താൽ ചടങ്ങിന്റെ പരിശുദ്ധി നഷ്ടപ്പെടുമോ? പരിശുദ്ധാത്മ വ്യാപാരം നിലച്ചുപോകുമോ? വിശുദ്ധർ മാത്രം പറയേണ്ട ഹാലേലൂയ്യാ രാഷ്ട്രീയക്കാരുടെ നാവിൻതുമ്പിൽ വന്നുപോയാൽ മഹാപാപമാകുമോ? ഇതിനൊക്കെ മറുപടി പറയാൻ സംഘാടകർ പാടുപെടുകയാണ് '', അച്ചൻകുഞ്ഞ് പരിതപിക്കുന്നു.

ഇത്തരം ചോദ്യങ്ങൾ ഉണ്ടെങ്കിലല്ലേ മറുപടി പറയാൻ പാടുപെടേണ്ടതുള്ളൂ. ആരും നാളിതുവരെ ഈ വിധത്തിലുള്ള ചോദ്യങ്ങൾ ചോദിച്ചതായി കേട്ടുകേഴ്വിപോലുമില്ല. വീണ്ടുംജനനം പ്രാപിച്ച ആരും ഈ വിധത്തിലുള്ള മണ്ടൻ ചോദ്യങ്ങൾ ചോദിക്കയുമില്ല.

രാഷ്ട്രീയക്കാർ കുഴപ്പക്കാരാണെന്നും അതുകൊണ്ട് അവരെ ആത്മീയ യോഗങ്ങളിൽ പങ്കെടുപ്പിക്കരുതെന്നും ആരാണാവോ പറഞ്ഞത്? രാഷ്ട്രീയക്കാർ പങ്കെടുത്തതുകൊണ്ട് ഒരു യോഗത്തിന്റെയും പരിശുദ്ധി നഷ്ടപ്പെടുകയില്ല. പരിശുദ്ധാത്മവ്യാപാരം നിലച്ചു പോകുകയുമില്ല. ഹാലേലൂയ്യായോ പ്രണവമോ ബിസ്മില്ലാഹിയോ ഒക്കെ ആർക്കും പറയാം. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ ഇതിനൊന്നും വിലക്കില്ല. ഇതിനൊക്കെ മറുപടി പറയാൻ അറിയാത്ത വിവരദോഷികൾ കൺവെൻഷൻ നടത്താതിരിക്കയാണ് നല്ലത്.

അച്ചൻകുഞ്ഞ് തുടരുന്നു:

''ആരാണ് ക്രിസ്ത്യാനികൾ? ക്രിസ്ത്യാനിക്ക് രാജ്യത്തോടും ഭരണകൂടത്തോടുമുള്ള ധാർമ്മിക പ്രതിബദ്ധത എന്താണ്? ഭരണത്തോടും ഭരണാധികാരികളോടുമുള്ള നിലപാട് എന്തായിരിക്കണം? ഇതിനുള്ള ഉത്തരം കണ്ടെത്തിയാൽ തർക്കങ്ങൾ കുറയും''.

ഉത്തരമില്ലാത്ത അത്യുഗ്രൻ ചോദ്യങ്ങളല്ല ഇവയൊന്നും. ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്ന വിവിധ സമുദായക്കാർ ലോകത്തുണ്ട്. പക്ഷേ വീണ്ടും ജനനം പ്രാപിച്ചവർ മാത്രമാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. ഭരണാധികാരികളെ ബഹുമാനിക്കുകയും നിയമങ്ങളെ അനുസരിക്കുകയും ചെയ്യാൻ ഏതു ക്രിസ്ത്യാനിയും കടപ്പെട്ടവനാണ്. പക്ഷേ ആത്മീയതയും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്.

രാഷ്ട്രീയക്കാരെ ആരോ അടച്ച് ആക്ഷേപിക്കുന്നു എന്ന് ആരോപിച്ചിട്ട് അതിനെതിരെ അച്ചൻകുഞ്ഞ് ധാർമ്മിക രോഷം കൊള്ളുന്നു. രാഷ്ട്രീയക്കാരെല്ലാം കള്ളൻമാരാണെന്ന് ആരാണ് പറഞ്ഞതെന്ന് അച്ചൻകുഞ്ഞ് പറയുന്നുമില്ല. ഇല്ലാത്ത ആരോപണം ഉണ്ടെന്നു വരുത്തിതീർത്തിട്ട് അതിനെതിരെ പോരാടി ജയിക്കാനുള്ള ശ്രമമാണ് അച്ചൻകുഞ്ഞ് നടത്തുന്നത്.

അച്ചൻകുഞ്ഞ് പറയുന്നു:

''ബൈബിളുകൊണ്ടിറങ്ങിയിട്ട് അവിഹിതമായി കോടികൾ ബാങ്കിലാക്കി, തോട്ടങ്ങൾ വാങ്ങിക്കൂട്ടി, കർത്താവിന്റെ കാഹളം കേൾക്കാനായി കാത്തിരിക്കുന്ന എത്രയോ സഭാനേതാക്കൻമാർ''.

''ഉദാഹരണത്തിന് ടി.എസ്.ഏബ്രഹാം'' എന്നുകൂടി പറയാനുള്ള ധൈര്യം അച്ചൻകുഞ്ഞിന് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. വൽസനും കെ.സി.ജോണും ഒക്കെ മേല്പടി തന്നെ. പക്ഷേ അവർക്കെതിരെ ശബ്ദിക്കാനുള്ള തന്റേടം അച്ചൻകുഞ്ഞിനില്ലെന്നു മാത്രമല്ല ഇവരുടെയൊക്കെ സ്തുതിപാടാനും തയ്യാർ. പുതിയ വീട്ടിൽ കയറി താമസിക്കുന്നതിനു മുന്നോടിയായി പ്രാർത്ഥിക്കാൻ അച്ചൻകുഞ്ഞ് കണ്ടെത്തിയ വിശുദ്ധൻ ടി.എസ്.ഏബ്രഹാമായിരുന്നു എന്ന വസ്തുത മറക്കാറായിട്ടില്ല.

രാഷ്ട്രീയക്കാരേക്കുറിച്ച് അച്ചൻകുഞ്ഞ് പറയുന്നു: ''അവർ നമ്മുടെ നാടിനെ നയിക്കുന്നവരല്ലോ. നമുക്കു നൻമ ചെയ്യുന്നവരല്ലേ? അവർ നമ്മുടെ ഇടയിലേക്കല്ലാതെ എവിടേക്കാണ് പോകേണ്ടത്? ജനസമ്പർക്കമില്ലാത്ത ഭരണാധികാരികളെ ആർക്കുവേണം?''

എത്ര നല്ല ആശയം. തേൻ പോലുള്ള വചനം. സത്യം സത്യമായി പറഞ്ഞാൽ സാക്ഷാൽ ചെകുത്താൻ പോലും ഇത്ര സമർത്ഥമായി ജനവഞ്ചന നടത്തിയിട്ടില്ല. ദൈവമക്കൾ സൂക്ഷിക്കുക: അച്ചൻകുഞ്ഞ് സാത്താന്റെ ദാസനാണ്. ദുരാത്മാവാണ് ഇയാളേക്കൊണ്ട് ഇങ്ങനെയൊക്കെ പറയിക്കുന്നത്. ചതിക്കുന്ന പിശാചിന്റെ ശബ്ദമാണിത്.

ഇതിൽ എന്താണ് ചതി എന്ന് ചോദിച്ചേക്കാം. പറയാം: രാഷ്ട്രീയക്കാരെ ആത്മീയ യോഗങ്ങളിൽ വിളിച്ച് പ്രസംഗിപ്പിക്കുന്നതിന് അച്ചൻകുഞ്ഞ് ഈ പറയുന്ന കാരണങ്ങളൊന്നും മതിയാകുന്നതല്ല. രാഷ്ട്രീയക്കാർ നല്ലവരോ ചീത്തയോ എന്നതല്ല അവർ രക്ഷിക്കപ്പെട്ടവരാണോ എന്നാണ് പരിശോധിക്കേണ്ടത്. രക്ഷിക്കപ്പെടാത്ത വ്യക്തിക്ക് ആത്മീയ യോഗങ്ങളിൽ പങ്കും ഓഹരിയുമില്ല.

ആത്മീയ യോഗങ്ങളിൽ രാഷ്ട്രീയക്കാർ വന്നാൽ അവരെ സദസ്സിന് പരിചയപ്പെടുത്തണമെന്ന് അച്ചൻകുഞ്ഞ് പറയുന്നു. എന്തിന് പരിചയപ്പെടുത്തണം? യോഗത്തിന് വന്നവരെയെല്ലാം പരിചയപ്പെടുത്തുന്നുണ്ടെങ്കിൽ അവരേയും പരിചയപ്പെടുത്താം. രാഷ്ട്രീയക്കാർക്ക് വിശേഷ പരിഗണന നൽകേണ്ടതില്ല.

''ആത്മീയ ശുശ്രൂഷകൾ ആരംഭിക്കുന്നതിനു മുൻപ്, വേണമെങ്കിൽ രാഷ്ട്രീയക്കാർക്ക് - ഭരണാധികാരികൾക്ക് അവസരം കൊടുക്കാം. നമ്മേപ്പറ്റി നല്ല വാക്കുകൾ പറയാനുള്ള വിവേകം അവർ കാണിക്കും. നമ്മൾ പറയുന്ന ഹാലേലൂയ്യാ അവരും പറഞ്ഞെന്നു വരും. നമ്മുടെ മതവികാരം വ്രണപ്പെടുത്തുന്നതിലും നല്ലതല്ലേ നമ്മെ അഭിനന്ദിക്കുന്നത്''.

എത്ര മനോഹരമായ സാത്താന്യ പദ്ധതി. ബിലെയാം പോലും അച്ചൻകുഞ്ഞിന്റെ മുൻപിൽ ഒന്നുമല്ല.

ആത്മീയ ശുശ്രൂഷ എന്നതുകൊണ്ട് അച്ചൻകുഞ്ഞ് എന്താണ് അർത്ഥമാക്കുന്നത്? പ്രാർത്ഥന ആത്മീയ ശുശ്രൂഷയാണോ? ആണെങ്കിൽ കൺവെൻഷൻ ആരംഭിക്കാനുള്ള പ്രാർത്ഥനയ്ക്കു മുൻപ് രാഷ്ട്രീയക്കാർക്ക് പ്രസംഗിക്കാൻ അവസരം കൊടുക്കണം. ആ സമയത്ത് സദസ്സ് ശുഷ്ക്കമായിരിക്കും എന്നു തീർച്ച. ആ സമയത്ത് പ്രസംഗിക്കാൻ അവസരം കൊടുത്താൽ അത് അവരെ അവഹേളിക്കുന്നതിനു തുല്യമായിരിക്കും.

വല്ലവരും നമ്മേക്കുറിച്ച് നല്ല വാക്കു പറയുന്നതു കേട്ട് രസിക്കാനാണോ ആത്മീയ യോഗം നടത്തുന്നത്? പ്രസംഗിക്കാൻ അവസരം കൊടുത്തില്ലെങ്കിൽ രാഷ്ട്രീയക്കാർ നമ്മുടെ മതവികാരം വ്രണപ്പെടുത്തുമോ?

''കൺവെൻഷൻ യോഗങ്ങളിൽ പങ്കെടുക്കുന്ന രാഷ്ട്രീയക്കാരോട് മാരാമൺ കൺവെൻഷനിലും കൊട്ടാരക്കര ടി.പി.എം. കൺവെൻഷനിലും കാണിക്കുന്ന നിലപാട് ക്രൈസ്തവർക്ക് മാതൃകയാക്കാവുന്നതാണ്'' എന്ന് അച്ചൻകുഞ്ഞ് ഉപദേശിക്കുന്നു. ക്രൈസ്തവർ എന്നതുകൊണ്ട് വീണ്ടും ജനിച്ചവർ എന്നാണോ അച്ചൻകുഞ്ഞ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമല്ല. പക്ഷേ ടി.പി.എം.ന്റെ മാതൃക ദൈവമക്കൾക്കു സ്വീകാര്യമാണെന്ന് പറയാനാവില്ല. കാരണം കൊട്ടാരക്കര കൺവെൻഷനിലെന്നല്ല ഒരു ടി.പി.എം. കൺവെൻഷനിലും ടി.പി.എം.കാരല്ലാത്ത ആരേയും പ്രസംഗിക്കാനോ പ്രാർത്ഥിക്കാനോ അവർ അനുവദിക്കയില്ല. രാഷ്ട്രീയക്കാരോടു മാത്രമായി ഒരു വ്യത്യാസവും അവർ കാണിക്കുന്നുമില്ല.

ഡിഫെൻഡറിന് പറയാനുള്ളത് എന്തെന്ന് ഒരിക്കൽക്കൂടി പറയാം:

1. കൺവെൻഷൻ ഉൾപ്പെടെയുള്ള ഒരു ആത്മീയ യോഗത്തിലും രാഷ്ട്രീയക്കാരോ രക്ഷിക്കപ്പെടാത്ത മറ്റുള്ളവരോ സദസ്സിനെ അഭിസംബോധന ചെയ്യാൻ ഇടയാകരുത്.
2. രാഷ്ട്രീയക്കാർ നല്ലവരോ മോശക്കാരോ എന്നതല്ല, അവർ രക്ഷിക്കപ്പെട്ടവരാണോ എന്നാണ് പരിഗണിക്കേണ്ടത്.
3. ആത്മീയ യോഗങ്ങൾക്ക് ശ്രോതാക്കളായല്ലാതെ രാഷ്ട്രീയക്കാരെ വിളിക്കരുത്.
4. രക്ഷിക്കപ്പെടാത്തവരെ സ്റ്റേജിൽ കയറ്റി ഇരുത്തരുത്.
5. ഭരണാധികാരികൾക്കായി പ്രാർത്ഥിക്കണം. പക്ഷേ രാഷ്ട്രീയക്കാർ ഉൾപ്പെടെയുള്ള രക്ഷിക്കപ്പെടാത്തവരോട് ദൈവമക്കൾ ഇണയില്ലാപ്പിണ കൂടരുത്.

# Morris Cerullo ......

What was significant was the Robert Tilton was never part of the Assembly of God or PTL Club crowd. He was an independent "faith' evangelist who saw the value of television and the buy back of Heritage USA included its state of the art Television facilities and dishes. (Oral Roberts also competed in this venture against Morris Cerullo and lost!)

The secular news media reported that in the Brownsville Assembly of God revival four pastors involved in the revival each set up personally owned non profit corporations to profit from the revival. Unfortunately for the sheep it's very common in America for TV Evangelists and even pastors and preachers to be con artists and thieves.

Although it's an American Federal law that all non profit corporations, including universities and Evangelical ministries, must release to the public their five top salaries few of the Religious ones do it

A former Pentecostal pastor sentenced to prison recently for fleecing his Colorado congregation admitted doing "some horrible, horrible, things," as a handful of church members sat in court.

According to "The Colorado Springs Gazette," John Harris, who previously led the First Assembly of God church in Canon City, received a 21-month federal prison term Tuesday for embezzling more than $350,000 from the congregation, based near Denver.

"I am sorry for the deep wounds inflicted by the crimes of fraud, deceit and lies I have committed," Harris, 41, said in court. Without authorization, he opened an account in the church's name and took loans using forged authorization from church leaders. Harris spent the cash on a spa, a golf course membership and stocks.

"He let his desires to be successful blind him to the folly of what he was doing," said Harris' attorney, Warren Williamson, who sought leniency, citing his client's family, children and history of good works.

Judge Walker Miller said the pastor pursued "the altar of the material god." "It is not my job to forgive you," Miller said, the "Gazette" reported. "It is my job to punish you." Harris' wife, Linda, will be sentenced next week for her role in the scheme.

John Harris, Morris Cerullo, and Karl Strader are only the tip of the iceberg of many scoundrels in the Assembly of God denomination who use the sheep for their own gain. Then we have others like Dr. Henry J. Lyons, Billy, Ned and Franklin Graham, Robert Tilton, Jim Bakker to name a few.

**(John Davies)**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan